HS.3275

സദാചാരദീപിക



ഉള്ളൂർ

H.S. 3275

സദാചാരദീപിക

SREENARASIMHA VILASOM BOOK DEPOT THURAVOOR
SHERTALLAY
Kerala State

ഉള്ളൂർ
എസ്സ്. പരമേശ്വരയ്യർ

ULLUR PUBLISHERS,
TRIVANDRUM

ഉള്ളൂർ പബ്ളിഷേഴ്സ്
ജഗതി, തിരുവനന്തപുരം.

SREENARASIMHA VILASOM BOOK DEPOT THURAVOOR
SHERTALLAY
Kerala State

Rights Reserved] [വില 6 ണ.

പ്രസാധകരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

4–ാം പതിപ്പ് കോപ്പി 500.

അവതാരിക

അത്യത്ഭുതങ്ങളായ അഷ്ടാദശപുരാണങ്ങളുടേയും അഞ്ചാംവേദമെന്ന് പ്രസിദ്ധമായ ശ്രീമഹാഭാരതത്തിന്റേയും നിർമ്മാതാവായ വേദവ്യാസഭഗവാന്റെ സൂക്തിസുധയെ സ്വല്പമെങ്കിലും ആസ്വദിക്കുവാൻ ഭാഗ്യമുണ്ടായിട്ടുള്ളവരോട് ആ ദിവ്യഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്ന ഉപാഖ്യാനനിധികളുടെ മാഹാത്മ്യത്തെപ്പററി അധികമൊന്നും പറയേണ്ട ആവശ്യമുള്ളതായി തോന്നുന്നില്ല. ഇവയിൽ സർവോത്തമങ്ങളും എന്നാൽ ഇതുവരെ കേരളീയരുടെ ഇടയിൽ അപ്രസിദ്ധങ്ങളുമായ മൂന്നുപാഖ്യാനങ്ങളാണ് എന്റെ 'സദാചാരദീപിക' എന്ന ഈ ചെറിയ പുസ്തകത്തിനു വിഷ[illegible]യി തീർന്നിരിക്കുന്നതു്. ഈ ഉപാഖ്യാനങ്ങളിൽ ഹാനോപാദാനരൂപേണ ഞാൻ വരുത്തീട്ടുള്ള ചില ഭേദഗതികൾ ഇക്കാലത്തെ രുചിക്കനുസരണമാകയാൽ ഔചിത്യപൂർവമാണെന്നു സഹൃദയന്മാർ സമ്മതിക്കാതെയിരിക്കയില്ല. സദാചാരോപദേശം നേരിട്ടുചെയ്യുന്നതിൽ ഭേദം ഉപാഖ്യാനസമ്പ്രദായത്തിലാണെന്നുള്ളതു് സർവതന്ത്രസിദ്ധാന്തമാണ്. ഇപ്പോൾ ഉപാഖ്യാനങ്ങൾക്കും കഥകൾക്കും പാശ്ചാത്യരാജ്യങ്ങളെ ശരണം പ്രാപിക്കുക എന്നുള്ളതു് ഒരു സാധാരണ നാട്ടു

നടപ്പായി തീൎന്നിട്ടുണ്ടു്. വ്യാസഭഗവാന്റെ സാഹിത്യസാമ്രാജ്യത്തിനു് അവകാശികളായ നമുക്കു് ഈ വിഷയത്തിൽ ഒരു അധമൎണ്ണത വിദേശീയരോടാവശ്യമുണ്ടോ എന്നുള്ള ചോദ്യത്തിനു് ഈ പുസ്തകംതന്നെ ഉത്തരം പറയും. ഭാരതീയൎക്കു് അവരുടെ ആദർശങ്ങളെ അറിയുന്നതിനും പുരുഷാൎത്ഥങ്ങളെ സാധിക്കുന്നതിനും കൃഷ്ണദ്വൈപായനമഹൎഷിയുടെ ഗ്രന്ഥങ്ങളിൽ കാണുന്ന ഉപാഖ്യാനങ്ങളേക്കാൾ സുഗമമായ മാൎഗ്ഗം ലോകത്തിലില്ല. രണ്ടായിരം വർഷങ്ങൾക്കു മേൽ പഴക്കമുള്ള ഈ ഉപാഖ്യാനങ്ങളിൽ ചിലതിനെ കേരളീയരുമായി പരിചയപ്പെടുത്തുന്നതിനുള്ള ശ്രമം ഒരിക്കലും നിഷ്ഫലമാകുന്നതല്ലെന്നാണു് എന്റെ വിശ്വാസം. മഹാജനങ്ങൾക്കു രസിക്കുമെങ്കിൽ ഈ വിധത്തിൽ ഇനിയും പല ഉപാഖ്യാനങ്ങൾ ഇതേ സമ്പ്രദായത്തിൽ എഴുതി പ്രസിദ്ധീകരിക്കണമെന്നു് എനിക്കു മോഹമുണ്ടു്. അതു് സാദ്ധ്യമാക്കിത്തരുന്നതിനുള്ള ഭാരം പരമകാരുണികനായ ജഗന്നിയന്താവിൽ സമൎപ്പിച്ചുകൊണ്ടു് തൽക്കാലം വിരമിച്ചുകൊള്ളുന്നു.

ഉള്ളൂർ എസ്. പരമേശ്വരയ്യർ.

സദാചാരദീപിക

I

സത്യം പറയണം

(പാത്മപുരാണം)

നിങ്ങളിൽ ചിലർ കടുവായെ കണ്ടിരിക്കും; കണ്ടിട്ടില്ലാത്തവർ നിശ്ചയമായി അതിനെപ്പററി കേട്ടിട്ടെങ്കിലുമുണ്ടാകും. ഇങ്ങനെയൊരു ദുഷ്ടജന്തു ബ്രഹ്മസൃഷ്ടിയിലില്ല.

പണ്ട് പ്രഭഞ്ജനൻ എന്നു പേരുള്ള ഒരു കടുവാ രോഹിതമെന്ന പർവതത്തിൽ താമസിച്ചുവന്നു. കണ്ട ജീവപ്രാണികളേയെല്ലാം കടിച്ചുതിന്നുകൊണ്ട് ആ ഘോര സത്വം അവിടെയും സമീപസ്ഥലങ്ങളിലും കഴിച്ചുകൂട്ടി. ഇടയർ ആ കഥയറിയാതെ ഒരിക്കൽ ആ മലയുടെ താഴ്വരയിൽ ഒരു കൂട്ടം നാല്ക്കാലികളെ മേച്ചിലിനായി കൊണ്ടുപോയി. ആ കൂട്ടത്തിൽ നന്ദ എന്നു പേരുള്ള ഒരു ഉത്തമപശുവും ഉണ്ടായിരുന്നു. പാൽനിറം; ഒത്ത ദേഹം; നീണ്ട കൊമ്പ്; കഴുത്തിൽ വര; മധുരസ്വരം; ആകെ കൂടി അത്ര അഴകുള്ള ഒരു പശു ആ കൂട്ടത്തിലുണ്ടായിരുന്നില്ല. ആകൃതിക്കനുരൂപമായ പ്രകൃതിയോടുകൂടിയ

നന്ദയെ ജനങ്ങരം പശുക്കളുടെ റാണി എന്നു വിളിച്ചു വന്നതിൽ എന്താണത്ഭുതം? അന്നു് ഗുഹപ്പിഴയ്ക്കു് ആ സാധു മൃഗം കൂട്ടത്തിൽനിന്നു തെററി പ്രഭഞ്ജനൻെറ മുന്നിൽ ചെന്നു ചാടി. അയ്യോ! എന്തൊരു തീക്കട്ടപോലെയുള്ള കണ്ണു്; ഗുഹപോലെയുള്ള വായു്; ശൂലാഗ്രം പോലെയുള്ള നഖം? യമധർമ്മരാജാവുതന്നെ വേഷംമാറി വനത്തിൽ സഞ്ചരിക്കുന്നുവോ എന്നു തോന്നും. പശുവിനെക്കണ്ട ഉടൻ നില്പനില്ലെന്നലറിക്കൊണ്ടു് കടുവാ വഴിതടഞ്ഞു. പാവപ്പെട്ട നന്ദ വിക്കിവിക്കിക്കരഞ്ഞു തുടങ്ങി. വ്യാഘ്രം ചോദിച്ചു.

കടു:—പശ്വേ! എന്തിനു കരയുന്നു? വളരെക്കാലമായി ഞാൻ ഹിതമായ ആഹാരം കഴിക്കാറില്ല. ഇന്നു ഭാഗ്യം കൊണ്ടുതന്നെയാണു് നിന്നെ കണ്ടുകിട്ടിയതു്. എൻെറ ഈ സുദിനത്തെ നിൻെറ കരച്ചിൽകൊണ്ടു് എന്തിനു അമംഗലമാക്കുന്നു? കരഞ്ഞാലും ചിരിച്ചാലും ഒരു ഫലവുമില്ലെന്നുള്ള വസ്തുത നീ അറിയുന്നില്ലേ?

നന്ദ ധൈര്യമായി മറുപടി പറഞ്ഞു.

നന്ദ:—അല്ലയോ മഹാത്മാവേ! അങ്ങയുടെ ദൃഷ്ടിയിൽ പെട്ടതിനുമേൽ ജീവിച്ചുകൊള്ളാമെന്നു ആശയില്ല. അങ്ങനെ ഒരാശ ഉണ്ടാകുന്നതുമല്ല. ജനിച്ചാൽ മരിക്കുന്നതു ജന്തുധർമ്മമാണു്; അതിനെക്കുറിച്ചു ഖേദവുമില്ല. പിന്നെ

എന്തിന്ന കരയുന്നു എന്നായിരിക്കും അങ്ങു ചോദിക്കുന്നതു്. പറയാം. മാതൃവാത്സല്യം ഒന്നു മാത്രമേ എന്നെ വ്യാമോഹിപ്പിക്കുന്നുള്ളു. എൻെറ മൂത്ത മകനെ ഞാൻ ഈയിടയ്ക്കാണു പ്രസവിച്ചതു്. അവൻ ഇപ്പോഴും മുലകുടിവിട്ടു് പുല്ലുതിന്നുതുടങ്ങീട്ടില്ല. എൻെറ ഓമനക്കുട്ടൻ ഇപ്പോൾ തൊഴുത്തിൽ വിശപ്പടക്കാൻ ത്രാണിയില്ലാതെ കരഞ്ഞുകൊണ്ടു് എൻെറ വരവും നോക്കിയിരിക്കുകയാണു്. അയ്യോ! ദൈവമേ! ഞാൻ തിരിയെ ചെല്ലാഞ്ഞാൽ വത്സൻെറ കഥയെന്തായിരിക്കും? അതൊന്നോർത്തിട്ടു മാത്രമാണു് എൻെറ ഈ സന്താപം. കുട്ടനു പാൽകൊടുത്തു് തലയിൽ തൊട്ടനുഗ്രഹിച്ചു് വേണ്ട ഉപദേശങ്ങളും കൊടുത്തു് എൻെറ സഖികളുടെ പക്കൽ ഏല്പിക്കുന്നതിന്നിട കിട്ടിയാൽ ഞാൻ കൃതാൎത്ഥയായി. ഗൃഹത്തിൽചെന്നു് ഇത്രയും ചെയ്തുംവച്ചു് തിരിയെ വന്നു് അങ്ങയുടെ ആജ്ഞയെ അനുസരിക്കുന്നതിന്ന ദയയുണ്ടായി എന്നെ അനുവദിക്കണേ.

വ്യാഘ്രം പശുക്കെ ഒന്നു ചിരിച്ചു.

കടു:—നിന്നെ വിട്ടയച്ചാൽ നീ തിരിയെ വരുമെന്നാണോ എന്നോടു പറയുന്നതു്? ഈ മിരട്ടു് നീ എവിടെ നിന്നു പഠിച്ചു? ഇതാരോടെടുക്കുന്നു? നാട്ടിൻപുറത്തു ചെന്നാൽ നിൻെറ ബുദ്ധി മാറില്ലേ? ആത്മരക്ഷയെ ഉദ്ദേശിച്ചു ചെയ്യുന്ന വാഗ്ദാനത്തിനു് എന്തു വിലയുണ്ടു്?

അഥവാ നിനക്കു തിരിയെ പോന്നുകളയാമെന്നു തോന്നിയാലും നിൻെറ ബന്ധുക്കൾ സമ്മതിക്കുമോ? പ്രതിജ്ഞ അനുസരിച്ചു പ്രവൎത്തിക്കാതിരിക്കുന്നതിനു പല ന്യായങ്ങളും അവർ നിനക്കു പറഞ്ഞുതരില്ലേ? ലോകത്തിൽ സത്യമെന്നൊരു വസ്തു കൃതയുഗത്തിലോ മറേറാ ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ടു്. അതു നശിച്ചിട്ടു കാലമെത്രയായി? നിൻെറ അപേക്ഷപ്രകാരം ഞാൻ നിന്നെ വിട്ടയയ്ക്കുന്നു എന്നിരിക്കട്ടെ. അതിനു നിനക്കു എന്നോടു കൃതജ്ഞത ഉണ്ടായിരിക്കേണ്ടതാണു്. കൃതജ്ഞതയുണ്ടെങ്കിൽ പറയുന്നതുപോലെ പ്രവൎത്തിക്കുമെന്നാശിക്കുകയും ചെയ്യാം. പക്ഷേ കൃതജ്ഞതയെന്നൊന്നുതന്നെ ലോകത്തിലുണ്ടോ? പാലം കടക്കുവോളം നാരായണ എന്നു പഴമക്കാർ പറയുന്നതു് എത്ര പരമാൎത്ഥമാണു്? നീ കുട്ടിയേയും മുലപ്പാലിനേയും പററി പ്രസ്താവിച്ചുവല്ലോ. മുലപ്പാൽ വററുമ്പോൾ കുട്ടിതന്നെ നിന്നെ ഉപേക്ഷിക്കുമെന്നു നീ അറിയുന്നില്ലായിരിക്കും. അഥവാ അതുമിതും നിന്നോടു പറഞ്ഞു സമയം കളഞ്ഞിട്ടു പ്രയോജനമെന്തു്? വിശപ്പു കൊണ്ടു വയറു കായുന്നു; ഭക്ഷണം കൊണ്ടല്ലാതെ വാക്കു കൊണ്ടു് അതിനു ശമനം വരുന്നതല്ലല്ലോ.

പശു പിന്നെയും പറഞ്ഞു. "ലോകത്തിൽ സത്യവും നന്ദിയുമുണ്ടോ എന്നു് അങ്ങു പുച്ഛരസത്തിൽ ചോദിച്ചുവല്ലോ. ഉണ്ടോ ഇല്ലയോ എന്നുതന്നെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതു് ആവശ്യകമല്ലേ? പ്രതിജ്ഞ അനുസരിച്ചു്

നാളെ ഈ സമയത്തു് ഈ സ്ഥലത്തുതന്നെ വന്നുചേൎന്നു് അവിടുത്തെ ആജ്ഞയെ അനുവൎത്തിച്ചുകൊള്ളാമെന്നു് ഞാൻ വീണ്ടും ശപഥം ചെയ്യുന്നു. ഇതു വെറുതെയോ കാൎയ്യമായോ പറയുന്നതെന്നു് കണ്ടല്ലാതെ എങ്ങനെയാണു് തീൎച്ചപ്പെടുത്തുക?"

വ്യാഘ്രത്തിനു് ഇത്രയും കേട്ടപ്പോൾ ഒരുമാതിരി വിശ്വാസംവന്നു. "പശ്വേ! നിന്റെ വൎഗ്ഗത്തിൽപെട്ട ജന്തുക്കൾ എന്നെ കണ്ട മാത്രയിൽതന്നെ ഞെട്ടി വിറച്ചു മരിച്ചുപോകുന്നു. നീ കരയുന്നുണ്ടെങ്കിലും അതു ജീവനിലുള്ള പ്രതിപത്തികൊണ്ടല്ലെന്നു ഉറപ്പുപറയുന്നു. ആകട്ടെ, നീ ആവശ്യപ്പെട്ടതുപോലെ നിന്റെ സത്യസന്ധതയെത്തന്നെ ഒന്നു പരീക്ഷിച്ചുകളയാം. ഒരു ദിവസത്തേയ്ക്കു കൂടി വിശപ്പടക്കിയാൽ മതിയല്ലോ." എന്നു പറഞ്ഞുകൊണ്ടു് പ്രഭഞ്ജനൻ നന്ദയെ തല്ക്കാലം സ്വഗൃഹത്തിലേയ്ക്കു പൊയ്ക്കൊള്ളുവാൻ അനുവദിച്ചു.

നന്ദ തൊഴുത്തിലെത്തിയപ്പോഴേക്കും സന്ധ്യ കഴിഞ്ഞിരുന്നു. താമസിച്ചെങ്കിലും ഉരു തിരിയെ വന്നെത്തിയല്ലൊ എന്നു് ഉടമസ്ഥൻ സന്തോഷിച്ചു. എന്നാൽ പശുവിൻെറ വികാരം സന്തോഷത്തിൽനിന്നു് എത്രയോ ഭിന്നമായിരുന്നു. തൊഴുത്തിൽ ചെന്ന ഉടനെ കിടാവിനെ തലയിൽ തൊട്ടു മുകൎന്നു; അതോടുകൂടി അശ്രുധാരകൊണ്ടു് അഭിഷേകവും ചെയ്തു. വത്സൻ അല്പമൊന്നു വിസ്മയിച്ചു

മേല്പോട്ട തിരിഞ്ഞു് അമ്മയുടെ മുഖത്തു നോക്കി. അപ്പോഴാണു് കാര്യം മനസ്സിലായതു്. എന്തോ ഒരു ഭയങ്കരമായ ആപത്തിൽ അമ്മ അകപ്പെട്ടിരിക്കുകയാണെന്നു് അവൻ അനായാസേന ഗ്രഹിച്ചു.

വത്സ:—അമ്മേ! അമ്മയ്ക്കു പതിവുപോലെയുള്ള മുഖപ്രസാദം കാണുന്നില്ല; എന്നുമാത്രമല്ല, ഏതോ കഠിനമായ മനോദുഃഖമുണ്ടെന്നുകൂടി ഈ അശ്രുപ്രവാഹം വിളിച്ചുപറയുന്നു. എന്തമ്മേ? ഇന്നെന്തപകടമാണു് പററിയതു്?

നന്ദ:—കുട്ടീ! നീ പാൽ കുടിക്കൂ. മനോദുഃഖം—നീ പറഞ്ഞതുപോലെ കഠിനമായ മനോദുഃഖം—ഉണ്ടു്. അതു മറച്ചുവയ്ക്കുവാൻ ഈ ഭാഗ്യഹീനയ്ക്കു സാധിക്കുന്നില്ല. എന്നാൽ അതിന്റെ കാരണമെന്തെന്നു പറയണമെങ്കിൽ നാക്കു പൊങ്ങണ്ടെ? മകനെ! നാളെ ഈ സമയത്തു നീ എങ്ങനെ വിശപ്പടക്കും? ഹാ ഹാ! ദൈവമെ! എന്താണു പറയേണ്ടതു്? വത്സ! ഞാൻ ഇന്നു കാട്ടിൽ ഒരു കടുവായെ കണ്ടുമുട്ടി. ആ ഘാതകനു് ഞാൻ തൽക്ഷണംതന്നെ ആഹാരമാകേണ്ടതായിരുന്നു. എന്തോ ഭാഗ്യവശാൽ അവൻ എനിക്കു് നിങ്ങളെയെല്ലാം ഒന്നു വന്നു കണ്ടുകൊണ്ടു് തിരിയെ ചെല്ലുന്നതിനുമാത്രം അനുമതി തന്നിരിക്കുന്നു. നാളെത്തന്നെ പോയേ മതിയാകൂ. അങ്ങനെയാണു് ഞാൻ പ്രതിജ്ഞ ചെയ്തിരിക്കുന്നതു്.

വത്സ:—അമ്മേ! അമ്മ പോകുന്ന ദിക്കിൽ ഞാൻ കൂടി വരും. എന്നേയുംകൂടി ആ വ്യാഘ്രം കടിച്ചുതിന്നു കൊള്ളട്ടെ. അപ്പോൾ എനിക്കു മാതൃഭക്തിക്കുള്ള ഗതി സിദ്ധിക്കുമല്ലൊ. അല്ലെങ്കിൽ അമ്മ ഇവിടെ ഇരിക്കു! ഞാൻ തനിച്ചുപോയി ആ ശപഥത്തെ നിറവേററാം. ഏതായാലും അമ്മയുമായി പിരിഞ്ഞിട്ടു് എനിക്കു ജീവിതത്തിൽ ആശയില്ല. മുലകുടി മാറാത്ത ശിശുക്കൾക്കു് അമ്മയല്ലാതെ ബന്ധുവുണ്ടോ? അമ്മതന്നെയാണു് ലോകത്തിൽ വാസ്തവമായ സ്നേഹവും സുഖവും.

നന്ദ:—മകനെ! എന്റെ ശപഥം ഞാൻ തന്നെ നിറവേററിയാലേ മതിയാകയുള്ളൂ. എൻെറ ദേഹത്തെയല്ലേ വ്യാഘ്രം ആഹാരമാക്കി സങ്കല്പിച്ചിരിക്കുന്നതു്? അപ്പോൾ മറെറാരാളുടെ ദേഹംകൊണ്ടു് അതിനെങ്ങിനെയാണു് തൃപ്തിയുണ്ടാകുക? നിന്റെ അമ്മയ്ക്കു ഏതായാലും ഐഹികജീവിതം അവസാനിച്ചിരിക്കുന്നു. അവളോടൊപ്പം നീയുംകൂടി മരിക്കുന്നതുകൊണ്ടു് എന്തു കാൎയ്യലാഭമാണു്? ആയുസ്സൊട്ടുങ്ങുമ്പോളല്ലാതെ മരിക്കുന്നതു മഹാപാപമല്ലെ? വത്സ! നീ ഇന്നും കുട്ടിയാണു്. കുട്ടികൾക്കു അമ്മ പറയുന്നതു കേൾക്കുന്നതാണു് ശ്രേയസ്സെന്നു നിനക്കറിയാമല്ലോ. അമ്മയുടെ ഉപദേശമനുസരിച്ചു വത്സനിവിടെത്തന്നെ താമസിക്കു. നിൻെറ നില നീ നല്ലപോലെ അറിയണം. കാട്ടിലോ വെള്ളത്തിലോ

ചെന്നു കണ്ണടച്ചുകൊണ്ടു് ചാടരുതു്. കണ്ടതെല്ലാം വേണമെന്നു കാൎയ്യമില്ലാതെ മോഹിക്കരുതു്. പരിചയമില്ലാത്തവരെ തീരേ വിശ്വസിക്കരുതു്. പരിചയമുള്ളവരെതന്നെ വേണ്ടതിലധികം വിശ്വസിച്ചുപോകരുതു്. ഉണ്ണീ! നമുക്കു പല ശത്രുക്കളുമുണ്ടു്. ദുഷ്ടജന്തുക്കളുടെ കഥ പോകട്ടേ; വിശേഷബുദ്ധിയുള്ള മനുഷ്യർതന്നെയും നമ്മെ ഭക്ഷണസാധനമാക്കുവാൻ യത്നിക്കുന്നു. ഇവരിൽനിന്നെല്ലാം യഥാശക്തി ആത്മരക്ഷചെയ്തുകൊള്ളണം. പരമകാരുണികനായ ജഗദീശ്വരൻ നമുക്കു് ഉത്തമമായ ഘ്രാണേന്ദ്രിയം നൽകിയിരിക്കുന്നു. അതിനെ വേണ്ടവിധത്തിൽ ഉപയോഗിച്ചാൽ നമുക്കു പല ആപത്തുകളിൽനിന്നും രക്ഷപ്പെടാം. ഈ ഉപദേശങ്ങളനുസരിച്ചു പ്രവത്തിക്കാത്തതുനിമിത്തമാണു് എനിക്കു സങ്കടം വന്നിരിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. എപ്പോഴും ധമ്മബുദ്ധി വേണം. ഇങ്ങനെയായാൽ നിനക്കു മേൽക്കുമേൽ ക്ഷേമമുണ്ടാകും. നമ്മുടെ ഈ വേർപാടിനെക്കുറിച്ചു നീ ഒട്ടും വ്യസനിക്കരുതു്. ഒരു വഴിയമ്പലത്തിലെ വഴിയാത്രക്കാരെപ്പോലെയാണു് ഒരു കുടുംബത്തിലെ അംഗങ്ങൾ. എവിടെ നിന്നു വരുന്നു എവിടേക്കു പോകുന്നു എന്നൊന്നും നിശ്ചയമില്ല; കുറേനേരം മാത്രം കൂടിക്കഴിയുന്നു. ഇതെല്ലാം ലോകസ്വഭാവമാണപ്പനേ!

ഇങ്ങനെ പലതും പറഞ്ഞു വത്സനെ ആശ്വസി

പ്പിച്ചുകൊണ്ടു് നന്ദ ഒരു വിധത്തിൽ ആ രാത്രി കഴിച്ചു കൂട്ടി. പിറേറന്നു വെളുപ്പിനു് തന്റെ സഖികളെ എല്ലാം വിളിച്ചുവരുത്തി തലേനാഠം നടന്ന സംഭവത്തെയും തന്റെ പ്രതിജ്ഞയേയും പററി പ്രസ്താവിച്ചു് ഒടുവിൽ ഇങ്ങനെ പറഞ്ഞു.

നന്ദ:—മാന്യസഹോദരികളെ! അറിഞ്ഞുമറിയാതെയും ഞാൻ നിങ്ങളുടെ നേക്കു് പല അപരാധങ്ങളും പ്രവൎത്തിച്ചിരിക്കും. അവയെല്ലാം ക്ഷമിച്ചു് ഈ അവസരത്തിൽ നിങ്ങഠം എന്നെ യാത്രയയക്കണം. ഇതാ ഞാൻ വനത്തിലേയ്ക്കു തിരിക്കുന്നു. എനിക്കു ഒരവസാനപ്രാൎത്ഥനമാത്രമുണ്ടു്. എൻെറ ഈ പ്രിയ വത്സനെ ഞാൻ നിങ്ങളുടെ പക്കൽ സമൎപ്പിക്കുന്നു. അമ്മയുടെ വേർപാടു നിമിത്തം അവനു വല്ല ദീനവും പിടിപെട്ടേക്കാം. മാതൃശോകം കെടുത്തിയാൽ കെടാത്ത ഒരു തീയാണു്. ഇവനെ നിങ്ങഠം എനിക്കൊപ്പമായി സംരക്ഷിക്കുമെന്നു് ഏററുപറയുവിൻ. എന്നാൽ എനിക്കു ചാരിതാൎത്ഥയായി എൻെറ സത്യത്തെ പരിപാലിക്കാം.

സഖികഠംക്കു് ആശ്ചൎയ്യവും സംഭ്രമവും ഖേദവുമുണ്ടായി; അവർ ഇങ്ങനെ മറുപടി പറഞ്ഞു.

സഖി:—സഖി! നന്ദേ! എന്തു കൃത്താണിപ്പറയുന്നതു്? നീ ഒരു ബുദ്ധിഹീനയെന്നോ ഭ്രാന്തയെന്നോ

എങ്ങനെയാണ ഞങ്ങഠം തീച്ച്യയാക്കേണ്ടതു്? കാട്ടിൽ വച്ചു് ഒരു കടുവാ പിടികൂടിപോലും; പിറ്റേന്ന തിരിയെ വന്നുകൊള്ളാമെന്നുള്ള കരാറിന്മേൽ ആ ദുഷ്ടജന്തു പിടി വിട്ടുപോലും; ആ കരാറു ശരിവരെ നിറവേറ്റണംപോലും! ഇങ്ങനെയുമുണ്ടോ ജീവപ്രാണികഠ! പറഞ്ഞാലതിന്നു് ഒട്ടൊക്കെയെങ്കിലും ഒരു നിരപ്പുവേണ്ടേ? ആപത്തിന്ന പാപമില്ലെന്ന നീ കേട്ടിട്ടില്ലേ? ആത്മരക്ഷയ്ക്കുവേണ്ടി ആ ഘോരമൃഗത്തോടു ചെയ്ത വാഗ്ദാനത്തിന്ന വല്ല അത്ഥവും കല്പിക്കാമോ? മുലകുടി മാറാത്ത കുട്ടിയെ വഴി യാധാരമാക്കി ഇവിടെ ഇങ്ങനെ ഇട്ടുംവച്ചു് സത്യത്തിൽ ഭ്രമിച്ചു് വ്യാഘ്രത്തിന്റെ വായിൽ വലിഞ്ഞുകേറാനാണോ നീ ഉദ്യമിക്കുന്നതു്? നന്ദേ! നല്ലപോലെ ആലോചിച്ചു നോക്കു. ഇതാണോ ധമ്മം? ഇതാണോ ശാസ്ത്രസിദ്ധാന്തം? ഒരസത്യംകൊണ്ടു് ആത്മരക്ഷ സിദ്ധിക്കുമെങ്കിൽ ആ അസത്യം സത്യമെന്നത്രെ ഞങ്ങഠം ധരിച്ചിരിക്കുന്നതു്. ആത്മഹത്യയ്ക്കും ശിശുഹത്യയ്ക്കുമായി വട്ടംകൂട്ടുന്ന നീയാണോ ധമ്മിഷ്ഠ?

സ്വല്പം കോപത്തോടും ഉദ്വേഗത്തോടുംകൂടി നന്ദ വീണ്ടും പറഞ്ഞു.

നന്ദ:—നിങ്ങഠം എന്തു പറഞ്ഞു? ശാസ്ത്രസിദ്ധാന്തം നിങ്ങളുടെ മാതിരിയിലല്ല ഞാൻ ധരിച്ചിരിക്കുന്ന

തന്നേ ഇതിന്ന മറുപടി പറയേണ്ടതുള്ളു. ഞാൻ നല്ല പോലെ ആലോചിച്ചു കഴിഞ്ഞു. ആത്മരക്ഷയ്ക്കുവേണ്ടി പറയുന്ന അസത്യം സത്യമെന്നോ? അഹോ! കഷ്ടം! ഇതിലധികം നികൃഷ്ടമായി മറെറന്താണുള്ളതു്? സൂക്ഷിച്ചു നോക്കുവിൻ! ഈ ലോകംതന്നെ സത്യത്തിന്മേലത്രെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്. സൂര്യൻ ഇതര ഗോളങ്ങളെ ദഹിപ്പിക്കുന്നില്ല; ആ ഗോളങ്ങൾ ഭൂമിയിൽ പതിക്കുന്നില്ല; ഋതുക്കൾക്കനുസരണമായി കാലം ഭേദിക്കുന്നു; പകൽ രാത്രിയൊ രാത്രി പകലോ ആകുന്നില്ല. ഇതെല്ലാം സത്യത്തിന്റെ മാഹാത്മ്യത്തെയല്ലെ വെളിപ്പെടുത്തുന്നതു്? സ്വർഗ്ഗവും മറെറാന്നല്ല. വാക്കിന്ന ലോപം വന്നാൽ എല്ലാററിന്നും ലോപം വന്നു. ഇങ്ങനെയുള്ള സത്യത്തെ വിറവുതിന്നു് ഈ ജീവനെ രക്ഷിച്ചില്ലെങ്കിൽ എന്തു ഹാനിയാണു്? ആത്മാപഹാരിയെപ്പോലെ മഹാപാപി ലോകത്തിലില്ല. സത്യതീൎത്ഥത്തിൽ സ്നാനം ചെയ്യുന്നവൎക്കു പരമഗതിയാണെന്നു എല്ലാ ശാസ്ത്രങ്ങളും ഘോഷിക്കുന്നു. സത്യംതന്നെ ക്ലേശമില്ലാത്ത തപസ്സും സൎവ്വോൽകൃഷ്ടമായ യാഗവും. സജ്ജനങ്ങൾക്കു ധനവും ത്രൈലോക്യത്തിന്നു ഭൂഷണവും സത്യംതന്നെ.

ഇങ്ങനെ പറഞ്ഞു നന്ദ വത്സനെ സഖികളുടെ പക്കൽ ഏല്പിച്ചുംവച്ചു് ഒരുവിധം പണിപ്പെട്ടു് സങ്കേതത്തെ പ്രാപിച്ചു. കടുവാ അവിടെത്തന്നെ തന്റെ

ഇരയുടെ വരവുംകാത്തു നിൽക്കുന്നുണ്ടായിരുന്നു. പശു ആ സ്ഥലത്തു എത്തിയ മാത്രയിൽ വാലും പൊക്കി കുതിച്ചു ചാടിക്കൊണ്ടു കിടാവും അവിടെത്തന്നെ ചെന്നുചേൎന്നു. നന്ദ നോക്കി. മുൻ വശത്തു വ്യാഘ്രം; പിൻവശത്തു പുത്രൻ. ഈ ദയനീയാവസ്ഥയിൽ ആ സാധു എന്തു കാട്ടും? സത്യസ്വരൂപനായ സർവേശ്വരൻ തന്നെ ഗതി! പശു കടുവായോടു് ഇങ്ങനെ പറഞ്ഞു.

നന്ദ:—അല്ലയോ മഹാത്മാവേ! അങ്ങയുടെ അനുമതിപ്രകാരം ഗൃഹത്തിലേയ്ക്കു പോയ ഞാൻ ഇതാ വീണ്ടും കരാറു ചെയ്ത സമയത്തിനുതന്നെ തിരിയെ എത്തിയിരിക്കുന്നു. ഈ നിൽക്കുന്നതു എന്റെ പ്രിയവത്സനാണു്. അവനെ ഞാനെന്റെ സഖികളുടെ പക്കൽ ഏല്പിച്ചും വച്ചുപോന്നു. എങ്കിലും മാതൃവിയോഗം സഹിക്കുവാൻ അശക്തനായ ഇവൻ എന്നെ പിൻതുടൎന്നു് ഇവിടെ എന്നോടൊപ്പം എത്തിയിരിക്കുന്നു. ഇതു് അങ്ങയ്ക്കു് പൂർവ്വാധികം സന്തോഷത്തിനു കാരണമാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ആദ്യമായി അങ്ങു് എന്റെ മാംസം കടിച്ചുതിന്നണം. അതിൽപിന്നീടു് വത്സനെ ഭക്ഷിക്കാം.

ഇടയിൽ കടന്നു കിടാവു പറഞ്ഞു.

വത്സ:—അങ്ങനെയല്ല വ്യാഘ്രമേ! ഞാൻ മുലകുടി മാറാത്ത ശിശുവാണു്. അങ്ങു് അമ്മയെ ഭക്ഷിക്കുന്നതു

കാണ്മവാൻ എനിക്കു ധൈയ്യം മതിയാകുന്നതല്ല. എന്നു മാത്രമല്ല അതുകൊണ്ടുതന്നെ അങ്ങയുടെ വിശപ്പടങ്ങുന്നു വെങ്കിൽ അങ്ങു പിന്നീട്ട് എന്നെ ഭക്ഷിക്കുന്നതുമല്ല. നേരേമറിച്ച് അങ്ങ് എന്നെയാണു് ആദ്യം ഭക്ഷിക്കുന്ന തെങ്കിൽ അമ്മ ആ കാഴ്ച പണിപ്പെട്ടെങ്കിലും സഹിക്കും; എന്നേക്കൊണ്ടുമാത്രം അങ്ങയുടെ വിശപ്പടങ്ങുന്നതല്ലാത്ത തിനാൽ ഒടുവിൽ അങ്ങേയ്ക്കു കരാറനുസരിച്ച് അമ്മയെ ഭക്ഷിക്കുകയും ചെയ്യാം. ഇതിലേതാണുചിതമെന്നു അങ്ങു തന്നെ ആലോചിച്ചു തീച്ചപ്പെടുത്തണം.

ഞാൻ മുമ്പ് ഞാൻ മുമ്പ് എന്നു പറഞ്ഞുകൊണ്ടു തള്ളയും കുട്ടിയും കടുവായുടെ മുന്നിൽചെന്നു തിരക്കുകൂട്ടി. കടുവാ പുറകോട്ടുമാറി. അതിന്റെ മനസ്സ് സ്നേഹത്താൽ ആർദ്രമായി വിസ്മയത്തിലും ആനന്ദത്തിലും ഭൂതദയയിലും മുഴുകി. ഒടുവിൽ ഗൽഗദസ്വരത്തിൽ കണ്ണുനീർ പൊഴിച്ചു കൊണ്ടു് ആ സത്വം ഇങ്ങനെ പറഞ്ഞു.

കടു—അല്ലയോ സത്യവാദിനി! ഭവതിക്കു നമസ്കാരം. അല്ലയോ ഉത്തമനായ വത്സ! നീ ദീർഘായുഷ്മാനായി ഭവിച്ചാലും! ലോകത്തിൽ സത്യമെന്നൊന്നുണ്ടോ എന്നു ഞാൻ പരീക്ഷിച്ചു; പരീക്ഷയിൽ ഞാൻ തോററു. ഉണ്ടു്; സംശയമില്ല. അതിനു വേർ മായുന്ന കാലമില്ലാ. നാട്ടിൻ പുറത്തുരൂപായി തിരിയെ വരാമെന്നാണല്ലോ ഭവതി പറഞ്ഞതു്? അങ്ങനെയുമുണ്ടോ ജീവികൾ? എന്നാലതൊന്നു

കുറഞ്ഞ മതിയാകൂ എന്നെനിക്കു തോന്നി. എൻെറ പൂവ് പുണ്യംകൊണ്ടു മാത്രമാണ് എനിക്കു അങ്ങിനെ തോന്നിയതു്. പ്രാണനേക്കാൾ സത്യം വലുതെന്നു കരുതുന്നവരുണ്ടോ എന്നു ഞാൻ ഇന്നലെ സംശയിച്ചു. ഇന്നു് എനിക്കു് ആ സംശയം തീൎന്നു. ഇങ്ങനെയുള്ള സത്യവ്രതകൾക്കു് എങ്ങനെയാണു് അശുഭമുണ്ടാകുന്നതു്? കല്യാണി! ഭവതി ഇന്നുമുതൽ എൻെറ സഹോദരിയായി തീൎന്നിരിക്കുന്നു. ഭവതിയുടെ പുത്രൻ എൻ്റെ ഭാഗിനേയനുമായി. സത്യത്തിൽ തന്നെയാണു് ലോകപ്രതിഷ്ഠ എന്നുള്ളതിനെ ഭവതി ഒന്നുകൂടി തെളിയിച്ചു. ഭവതിയുടെ ക്ഷീരംകൊണ്ടു ജീവിക്കുന്ന പുരുഷൻതന്നെ ഭാഗ്യവാൻ; ഭവതിക്കാവശ്യമുള്ള ഭക്ഷണം നൽകുന്ന ഭൂപ്രദേശം തന്നെ പുണ്യതമം! നമ്മുടെ ഈ ഘടന ദൈവായത്തമല്ലെന്നു് എങ്ങനെ പറയാം? ഞാൻ എത്ര ദുഷ്ടനായ മഹാപാപിയാണു്? എത്ര സാധുമൃഗങ്ങളെ അകാരണമായി കടിച്ചുതിന്നു? എന്തെല്ലാം അതിക്രമങ്ങൾ കാണിച്ചു? ഈ ദുഷ്കൃത്യങ്ങളെല്ലാം ചെയ്ത എനിക്കു് ഏതു ലോകമാ ഭഗവാനെ അപ്പിട്ടു കണ്ടിരിക്കുന്നതു്! ഹാ ഹാ! ഞാൻ പൎവതത്തിൽ നിന്നു ചാടിയോ തീയിൽ ചെന്നു വീണോ എങ്ങനെയാണു് എൻ്റെ ഈ ക്ഷുദ്രജന്മത്തെ അവസാനിപ്പിക്കേണ്ടതു്? ഭവതി! ഭവതിക്കു വീണ്ടും അനന്തകോടി നമസ്കാരം. എന്നെ തലയിൽ തൊട്ടു് നന്നായിരിക്കത്തക്കവണ്ണം ഒന്നനുഗ്രഹിക്കേണമേ! എൻ്റെ

പാപനിവൃത്തിക്കു മാർഗ്ഗമെന്തെന്നു ദയതോന്നി അറിയിച്ചു തരണമേ! ധർമ്മത്തിന്റെ രഹസ്യമെന്തെന്നു സംക്ഷിപ്തമായി അരുളിച്ചെയ്യണമേ!

ഇങ്ങനെ പലതും പ്രലപിച്ചുകൊണ്ടു ഭക്തിപരവശമായ ആ വ്യാഘ്രം പശുവിന്റെ കാൽക്കൽ വീണു. അപ്പോൾ പശുവേതു വ്യാഘ്രമേതെന്നു ആകൃതികൊണ്ടല്ലാതെ പ്രകൃതികൊണ്ടും തിരിച്ചറിവാൻ കഴിവുണ്ടായിരുന്നില്ല. നന്ദ ഉത്തരം പറഞ്ഞു.

നന്ദ:--പറയാം. ലോകംതന്നെ സത്യത്തിന്മേൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു ധർമ്മപ്രതിഷ്ഠയും സത്യത്തിന്മേലാണെന്നു വെളിവാകുന്നു. ധർമ്മത്തെ പലരും പല വിധത്തിൽ വ്യാഖ്യാനിക്കുന്നുണ്ടു. അതു തപസ്സാണെന്നു ചിലർ; യാഗമാണെന്നു ചിലർ; ജ്ഞാനമാണെന്നു വേറേ ചിലർ; ഇതൊന്നുമല്ല ഭക്തിയാണെന്നു മററു ചിലർ. ദാനം തന്നെയാണു വാസ്തവമായ ധർമ്മം. ദാനം എന്ന വാക്കിനു ത്യാഗമെന്നോ പരോപകാരമെന്നു പോലുമോ അർത്ഥം കല്പിക്കേണ്ടതില്ല. അഹിംസതന്നെയാണു ദാനം; അഹിംസതന്നെയാണു പരമമായ ധർമ്മം. മററു ധർമ്മങ്ങളെല്ലാം അതിലടങ്ങുന്നതേയുള്ളു. ജ്ഞാനവും ഭക്തിയും ഈ അഹിംസാലതയുടെ പുഷ്പങ്ങളെന്നും സ്വർഗ്ഗവും മോക്ഷവും ഫലങ്ങളെന്നും പറയാം.

വ്യാഘ്രം ഈ വാക്കുകൾ കേട്ടു. സജ്ജനങ്ങളുമായുള്ള സംസർഗ്ഗത്തിൽനിന്നു സാധിക്കാത്ത പുരുഷാർത്ഥമുണ്ടോ? അന്നു മുതൽ കുറേക്കാലത്തേക്കു് ലോകത്തിൽ ഒരു പ്രഭഞ്ജനനും ഒരു നന്ദയ്ക്കും പകരം രണ്ടു നന്ദമാർ ഉണ്ടായിരുന്നു.

II

ധർമ്മം ജയിക്കും

(ബ്രഹ്മപുരാണം)

ഭുവനപുരമെന്ന പട്ടണത്തിൽ മണികുണ്ഡലനെന്നും ഗൌതമനെന്നും രണ്ടു യുവാക്കന്മാരുണ്ടായിരുന്നു. അവർ രണ്ടുപേരും സഹോദരന്മാരേക്കാൾ അധികമായ സ്നേഹത്തോടുകൂടി അന്യോന്യം പെരുമാറിവന്നു. കളി, ഊണു്, ഇരിപ്പു്, കിടപ്പു് എല്ലാം ഒട്ടുമിക്കവാറും ഒന്നിച്ചെന്നു തന്നെ പറയാം. പക്ഷെ ഒരാളുടെ മനസ്സ് ധർമ്മത്തിലും മറേറയാളുടേതു് അധർമ്മത്തിലുമാണു് ലയിച്ചതു്. ഈശ്വരനെ ആരാധിക്കണം, സത്യം പറയണം, സമസ്തരെ ദ്രോഹിക്കരുതു്; നിവൃത്തിയുണ്ടെങ്കിൽ സഹായിക്കണം; ഇങ്ങനെയെല്ലാമായിരുന്നു മണികുണ്ഡലൻെറ വ്രതം. ഗൌതമൻെറ വ്രതം ഇതിനു നേരേ വിപരീതവുമായിരുന്നു. ഈശ്വരനെ നാം കാണുന്നുണ്ടോ? കാണാത്ത വസ്തു ഉണ്ടെന്നുതന്നെ എന്തിനു വിശ്വസിക്കുന്നു? പിന്നെവേണ്ടെ അതിനെ ഭയപ്പെടുകയോ ആരാധിക്കയോ ചെയ്‌വാൻ? സത്യമോ വ്യാജമോ ഏതാണു് പറയേണ്ടതെന്നു് ഓരോ അവസരത്തിലും ബുദ്ധികൊണ്ടു് ആലോചിച്ചു തീർച്ചപ്പെടുത്തണം. ചിലപ്പോൾ നല്ലതു സത്യമായിരിക്കും; പല

പ്പോഴും വ്യാജമായിരിക്കും. ഏതുകൊണ്ടുദ്ദേശംസാധിക്കുമോ അതു തരംപോലെ പ്രയോഗിക്കണം. അന്യനെ ദ്രോഹിക്കാതെ തൻെറ കാര്യം നടക്കുമെങ്കിൽ അതുതന്നെയാണു് നല്ലതു്. വഴിയേപോകുന്ന സൊല്ലയെ വാ വാ എന്നു വിളിക്കരുതു്. പക്ഷേ പരദ്രോഹം വേണ്ടിവന്നാൽ ചെയ്യുകയേ നിവൃത്തിയുള്ളുതാനും. സത്യമെന്നും അസത്യമെന്നും ഹിംസയെന്നും അഹിംസയെന്നും പറയുന്നതെല്ലാം അഭീഷ്ടസിദ്ധിക്കുള്ള ഓരോ മാർഗ്ഗങ്ങളാണു്. ഏതു മാർഗ്ഗമാണുത്തമമെന്നു തരം നോക്കി നിശ്ചയിക്കണം ഈ വിധത്തിലെല്ലാമായിരുന്നു ആ വിദ്വാൻെറ മനോഗതി. പക്ഷേ ഈ മനോഗതി അനുസരിച്ചു പ്രവർത്തിക്കുവാൻ അയാൾക്കു തൽക്കാലം കുറേ പ്രതിബന്ധമുണ്ടായിരുന്നു. രണ്ടുപേരും തമ്മിൽ പ്രാണസ്നേഹമാണെന്നു മുൻപു പറഞ്ഞുവല്ലോ. മണികുണ്ഡലൻെറ കുടുംബം സമ്പന്നവും ഗൗതമൻേറതു ദരിദ്രവുമായിരുന്നു. അതിനാൽ ഗൗതമൻ പതിവായി മണികുണ്ഡലൻെറ ഗൃഹത്തിൽ തന്നെയാണു് താമസിച്ചുവന്നതു്. തൻെറ സ്വഭാവം മുഴുവൻ സ്നേഹിതനു മനസ്സിലായാൽ നിത്യവൃത്തിക്കു വല്ല കുഴപ്പവും നേരിട്ടേക്കുമെന്നു് അയാൾക്കു ഭയമുണ്ടായിരുന്നു. അതുകൊണ്ടു് ആ ദുഷ്ടൻ തൻെറ സൂക്ഷ്മസ്ഥിതി വെളിപ്പെടുത്താതെതന്നെ കുറേക്കാലം കഴിച്ചുകൂട്ടി.

എന്നാൽ എത്ര കാലം അങ്ങനെ കഴിച്ചുകൂട്ടാം? ആയുസ്സുപോകുന്നു. തൻെറ ആഗ്രഹങ്ങളൊന്നും സാധി

ക്കേണ്ടയോ? സുഖങ്ങളൊന്നും അനുഭവിക്കേണ്ടയോ? തരം വരുന്നതുവരെ കാലം നോക്കിക്കൊണ്ടുനില്ക്കുമോ? അഥവാ വാദ്ധക്യമായി കായബലം നശിച്ചതിനുമേൽ വല്ലതരവും വന്നാൽ തന്നെ അതുകൊണ്ടു് പ്രയോജനമുണ്ടോ? ഹാ! താനെത്ര വിഡ്ഢിയാണു്! ഇങ്ങനെ പലതും ആലോചിച്ചുകൊണ്ടു് ഒരു ദിവസം ഗൗതമൻ മണികുണ്ഡല നോട്ടു് താഴെ വരുംപ്രകാരം സംഭാഷണം ആരംഭിച്ചു.

ഗൗ:—കുണ്ഡല! പിന്നെ അപ്പോഠം നമുക്കു് എന്നും ഇങ്ങനെ ഇരുന്നാൽ മതിയെന്നാണോ സ്നേഹിതൻ വിചാരിക്കുന്നതു്.

മണി:—എങ്ങനെ?

അയാഠംക്കു വാസ്തവത്തിൽ കാൎയ്യം മനസ്സിലായില്ല.

ഗൗ:—എങ്ങനെയെന്നോ? ഇങ്ങനെ പത്തായം പെരും; അമ്മ വയ്ക്കും; ഞാനുണ്ണും; എന്ന മാതിരിയിൽ കൈയുംകെട്ടി ഊണുംചാരി വെടിയുംപറഞ്ഞു മൂളിപ്പാട്ടും പാടിയിരുന്നാൽ മതിയോ എന്നാണു് ഞാൻ ചോദിക്കുന്നതു ?

മണി:—ഞാനങ്ങനെ ഇരിക്കുന്നില്ലല്ലോ. പതിവായി എന്റെ ശാസ്ത്രപാഠങ്ങഠം പഠിക്കുന്നില്ലേ? സ്നേഹിതനേപ്പററിയല്ലേ ആചാൎയ്യനു പരാതിയുള്ളതു്?

ഗൗ:—ആചായ്യൻെറ കായ്യമാരുചോദിച്ചു? അരി യെത്ര എന്നു ചോദിച്ചാൽ പയറു് അരുനാഴി എന്നു പറഞ്ഞാലോ?

മണി:—എനിക്കു മനസ്സിലാകുന്നില്ല.

ഗൗ:—മനസ്സിലാക്കാം. ആനയെക്കാണാൻ വെള്ളെഴുത്തെന്നു പറയുന്ന കാലമല്ലെ ഇതു്? മനസ്സിലാക്കാം. നമുക്കും വയസ്സു കുറെ ആയില്ലെ? എത്ര കാലത്തേക്കാണു് നാം ഇനിയും ഈ എച്ചിൽ ചോറു തിന്നുകൊണ്ടു് ഇവിടെ കിടക്കേണ്ടതു്?

മണി:—എച്ചിൽ ചോറോ?

ഗൗ:—അതേ. വല്ല സംശയവുമുണ്ടോ? സ്നേഹിതന്റെ അച്ഛൻ മഹാ ഭാഗ്യശാലി; പരമസമ്പന്നൻ; വൈശ്രവണന്റെ ഒരവതാരമെന്നു പറയാം; അദ്ദേഹത്തിനു സ്നേഹിതനും ഞാനും തമ്മിൽ ഭേദമില്ല. രണ്ടുപേരോടും തുല്യവാത്സല്യമാണു്. അദ്ദേഹത്തിൻെറ കാരുണ്യത്താൽ നാം രാജകുമാരന്മാരുടെ പദവിയിൽ കഴിഞ്ഞുകൂടുന്നു. നമ്മുടെ നിത്യവൃത്തിക്കു് ഒരു ബുദ്ധിമുട്ടുമില്ല; നമുക്കുള്ള വിശിഷ്ട ഭക്ഷണം മററാക്കും കിട്ടാറുമില്ല. ഇതെല്ലാം ശരിതന്നെ; ശരിയെന്നു പാട്ടുംപാടി പറയുംകൊട്ടി സമ്മതിക്കാം.

കുണ്ഡലൻ ഗൗതമൻെറ മുഖത്തു ഭാവഗർഭമായി ഒന്നു നോക്കി.

ഗൗ:—ഈ സമ്മതം കൊണ്ടെന്തായി? കാൎയ്യമിങ്ങനെയും ഇതിനപ്പുറവുമിരുന്നാലും നാമുണ്ണുന്ന ചോറ് എച്ചിൽച്ചോറുതന്നെയാണ്. എങ്ങനെയെന്നോ? അതാണു പറയാൻപോകുന്നതു്. നമുക്കു യൗവനമായില്ലേ? അച്ഛനമ്മമാർ ലാളിക്കേണ്ടതു് ആരെയാണ്? ശിശുക്കളെയോ യുവാക്കന്മാരേയോ? യുവാക്കന്മാരെ ലാളിച്ചാൽ ദോഷമല്ലേ ഫലം? ഇനി നമുക്കു് സ്വപ്രയത്നംകൊണ്ടു് കാലക്ഷേപം ചെയ്യുന്നതല്ലേ മാനം? നമുക്കു് കൈയും കാലും കണ്ണും കാതും എല്ലാം ഈശ്വരൻ തന്നിരിക്കുന്നതു് എന്തിനാണ്? സാപ്പാട്ടുരാമന്മാരായി ഇവിടെ ചുററിപ്പററിക്കിടന്നു ജന്മം തുലയ്ക്കാനാണോ? അങ്ങനെ എത്ര സാപ്പാട്ടുരാമന്മാർ അച്ഛന്റെ വയററിനകത്തു കിടക്കുന്നു? ആ കൃമികൾക്കും നമുക്കും തമ്മിൽ എന്തു വ്യത്യാസമാണ്? അവനവൻ പാടുപെട്ടു സമ്പാദിച്ച ധനത്തിന്റെ വിലയും ആഹാരത്തിന്റെ സ്വാദും വേറെയല്ലേ? വല്ല സംശയവും ഉണ്ടോ? ഉണ്ടെങ്കിൽ കേൾക്കട്ടെ. അതിനു നിവൃത്തി വരുത്തീട്ടു അപ്പുറത്തേയ്ക്കു കടക്കാം.

മണി:—ഗൗതമൻ പറയുന്നതു ശരിതന്നെ. പക്ഷെ അച്ഛൻ എത്ര കണക്കില്ലാത്ത ദ്രവ്യമാണ് സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നതു്? ഇതു ഗൗതമനുമെനിക്കും നമ്മെപ്പോലെ വേറെ ഒരുൻപതുപേൎക്കും കൂടി വേണമെങ്കിൽ മതിയാകുന്നതല്ലേ? പിന്നെയെന്തിനാണ് ഇത്ര ചെറുപ്പ

ത്തിൽ തന്നെ അതിലേക്കായി നാമും കച്ചകെട്ടുന്നതു്? അച്ഛന്റെ കാലം കഴിഞ്ഞു് അന്നുള്ള ദ്രവ്യത്തെ വർദ്ധിപ്പിച്ചുകൊണ്ടാൽ പോരേ?

ഗൗ:-പോരാ! ഒരിക്കലും പോരാ! അതു തന്നെയാണു് ഞാൻ പറയുന്നതു്. അച്ഛന്റെ ദ്രവ്യത്തെ നമുക്കു് ഇപ്പോഴം തന്നെ വർദ്ധിപ്പിക്കാമല്ലോ. ശക്തിയും സൗകര്യവുമുള്ളപ്പോളെന്തിനു മടിക്കുന്നു? അച്ഛന്റെ പൂർവ ചരിത്രംതന്നെ നോക്കരുതേ? ഒരു കാലത്തു സ്നേഹിതന്റെ കുടുംബം എന്റേതുപോലെതന്നെ ദരിദ്രമായിരുന്നില്ലേ? അതിനെ ഇന്നത്തേ സ്ഥിതിയിലാക്കിയതു് ആ ഒരു മഹാത്മാവിന്റെ യൗവനാരംഭം മുതൽക്കുള്ള വ്യവസായമല്ലേ? അതുകൊണ്ടു് ചുരുക്കത്തിൽ പറയുകയാണെങ്കിൽ നാമിവിടെനിന്നു് സ്വല്പം മൂലധനത്തോടുകൂടി ഉടൻ പുറപ്പെടണം; വിദേശങ്ങളിൽപോയി:വ്യവസായംചെയ്തു് ആ ധനത്തെ വർദ്ധിപ്പിക്കണം; എന്നിട്ടു ചക്രേശന്മാരായി മടങ്ങിവരണം; ഇതാണു് എന്റെ അഭിപ്രായം.

മണി:-ഇതു് അച്ഛനനുവദിക്കുമോ?

ഗൗ:-ഇല്ല; ഒരിക്കലുമില്ല.

മണി:-പിന്നെയെങ്ങനെ പോകാം?

ഗൗ:-പറയാതെ തന്നെ പോകണം. നമ്മുടെ ഉദ്ദേശം ധനസമ്പാദനമല്ലേ? മററൊന്നുമല്ലല്ലോ. പിന്നെ

യെന്തിന്ന ഭയപ്പെടണം? എന്തിന്ന ലജ്ജിക്കണം? ധന ത്തോടുകൂടി തിരിയെ വരുമ്പോൾ അച്ഛന്ന സന്തോഷ മാകും.

മണി:-ആവോ? ആട്ടെ, മൂലധനത്തിനോ?

ഗൗ:—ഈ ഗൃഹത്തിൻെറ മൂലകളിൽ ചിതറിക്കിട പ്പുള്ള ധനംതന്നെ മൂലധനം. ഒട്ടും പോരായ്കയില്ല. ഒരു ചെറിയ ആഭരണപ്പെട്ടിയായാൽ ധാരാളമായി. അച്ഛന്ന് അതു കടൽപുറത്തെ മണൽ; നമുക്ക് വിലപേറില്ലാത്ത നിധി.

എന്തിനധികം വിസ്തരിക്കുന്നു? ഇങ്ങനെ പല പ്രലോഭനങ്ങളുംകൊണ്ടു് ഗൗതമൻ കുണ്ഡലനെ കാല ക്രമത്തിൽ വശീകരിച്ചു് ഒടുവിൽ ഒരു രാത്രി രണ്ടുപേരു മായി ഒരു ചെറിയ ആഭരണപ്പെട്ടിയും കരസ്ഥമാക്കി ക്കൊണ്ടു് വിദേശസഞ്ചാരത്തിന്ന പുറപ്പെട്ടു എന്നു പറ ഞ്ഞാൽ കഴിഞ്ഞുവല്ലൊ. കുണ്ഡലന്ന വളരെ ഭയവും വ്യസനവുമുണ്ടായിരുന്നു. അയാളുടെ ഇടനെഞ്ഞു പിടച്ചു; മുഖം കണ്ണുനീരുകൊണ്ടു നനഞ്ഞു. തൻെറ വയസ്യനെ അനുഗമിക്കുകയാണെന്നൊരു സമാധാനം മാത്രമേ അയാൾക്കു് ആ സമയത്തുണ്ടായിരുന്നുള്ളു.

രണ്ടുപേരും അടുത്തുള്ള മറെറാരു ദേശത്തിൽ ചെന്നു ചേൎന്നു; നേരവും വെളുത്തു. വിശ്രമത്തിനായി

കുറേ നേരം ഒരാൽത്തറയിൽ ഇരുന്നു. വഴിനീളെ ഗൗതമന്റെ വിചാരം തന്റെ ചങ്ങാതിയുടെ കയ്യിലുള്ള ആഭരണപ്പെട്ടി തട്ടിപ്പറിക്കണമെന്നു മാത്രമായിരുന്നു. വളരെ നേരത്തെ ആലോചനയുടെ ഫലമായി അയാൾക്കു് ഒരു ഉപായം തോന്നി.

ഗൗ:-കുണ്ഡല! ഞാനൊന്നു ചോദിക്കട്ടെ? മുഷിയരുതു്; മുഷിയുമെങ്കിൽ ചോദിക്കുന്നില്ല.

മണി:-ചോദിച്ചോളൂ! എന്തു മുഷിച്ചിലാണു്!

ഗൗ:-കുണ്ഡലൻ വെളുത്താലിരുട്ടുന്നതുവരെയും, ഇരുട്ടിയാൽ വെളുക്കുന്നതുവരെയും 'ധമ്മം ജയിക്കും; ധമ്മം ജയിക്കും' എന്നിങ്ങനെ സഹസ്രാവൃത്തി ഉരുക്കഴിക്കുന്നുവല്ലോ. ധമ്മം വാസ്തവത്തിൽ ജയിക്കുന്നുണ്ടോ? കണ്ണുകൊണ്ടു നേരേ നോക്കണം; മനസ്സുകൊണ്ടു വഴിപോലെ ആലോചിക്കണം. വാസ്തവത്തിൽ ധമ്മമോ ലോകത്തിൽ ജയിക്കുന്നതു്? മുഷിയരുതു്; സംഗതി തുറന്നു പറയുകയാണു്, കണ്ടതും കേട്ടതും മിണ്ടരുതിക്കാലം എന്നുണ്ടെങ്കിലും പറയുകയാണു്; ഇതിൽ വല്ല അപരാധവുമുണ്ടെങ്കിൽ ക്ഷമിക്കണം. അതോ–അ അധ–അധമ്മമോ?

മണികുണ്ഡലന്റെ ഭാവമൊന്നു മാറി; മുഖം വിവണ്ണമായി; കണ്ണുകൾ ചുവന്നു.

മണി:--ഗൗതമ! ഗൗതമ! ഗൗതമനെന്തു ചോദിക്കുന്നു? ലോകത്തിൽ ജയിക്കുന്നതു ധമ്മമോ അധമ്മമോ എന്നു്; അല്ലേ? ഇങ്ങനെയുമുണ്ടോ ഒരു ചോദ്യം? കഷ്ടം! കഷ്ടം! ഇതും വാദപ്രതിവാദത്തിനു് വിഷയമാകുന്നുവോ? അഥവാ കലിവൈഭവം ആരു കണ്ടു?

ഗൗ:—ചോദിക്കുന്നതിനു മുൻപു മുഷിഞ്ഞുവല്ലോ. പിന്നെ എന്തു വാദപ്രതിവാദമാണു്?

മണി:—ഗൗതമ! ഗൗതമനിങ്ങനെയുള്ള ഒരാളെന്നു ധരിച്ചില്ലല്ലൊ; ധരിച്ചാൽ ഞാനൊരിക്കലും കൂടപ്പോന്നിരിക്കയില്ല. അതു പോകട്ടെ. ഞാനും രണ്ടു ചോദ്യം ചോദിക്കാം. രണ്ടും രണ്ടും നാലോ, അതോ അഞ്ചോ? സൂൎയ്യൻ കിഴക്കുദിക്കുന്നോ അഥവാ പടിഞ്ഞാറോ?

ഗൗ:-ഈ ചോദ്യങ്ങൾക്കുള്ള ഉത്തരംപോലെ അത്ര സ്പഷ്ടമാണോ എന്റെ ചോദ്യത്തിനുത്തരം? സൂൎയ്യൻ കിഴക്കുദിക്കുന്നതു നോക്കിയാൽ കാണാം; ധമ്മം ജയിക്കുന്നതു അതുപോലെ കാണാമോ?

മണി:—കാണാം; ധാരാളമായി കാണാം; ഞാൻ കാണുന്നുമുണ്ടു്.

ഗൗ:—കാണാൻ പാടില്ലെന്നാണു് എന്റെ തക്കം. എന്നു മാത്രമല്ല അധമ്മമാണു് ജയിക്കുന്നതെന്നു കാണുകയും ചെയ്യാം.

മണി:—എങ്ങനെ?

ഗൗ:—പറയാം. ലോകത്തിൽ സത്തുക്കൾക്കു സമ്പത്തും അസത്തുക്കൾക്കു് ആപത്തും സാവ്ത്രികമായി കാണുന്നുവോ? ഇല്ല. എത്ര ദുഷ്ടന്മാർ ലോകയാത്രയിൽ വിജയം നേടുന്നു? എത്ര ശിഷ്ടന്മാർ തോററു തുന്നം പാടുന്നു? എത്ര യോഗ്യന്മാർ ഇരന്നു നടക്കുന്നു? എത്ര അയോഗ്യന്മാർ ഏഴുനില മാളിക വയ്ക്കുന്നു? ധമ്മം വേണമെന്നു പറഞ്ഞുകൊണ്ടു നടക്കാം. ഞാൻ നേരമ്പോക്കല്ല പറയുന്നതു്; കായ്യമാണു്.

മണികുണ്ഡലൻ 'പാപം നശിക്കട്ടെ' എന്നു് ഉച്ചരിച്ചുകൊണ്ടു് ചെവി രണ്ടും പൊത്തി.

മണി:—ഗൗതമ! ഗൗതമൻ ഈശ്വരനുണ്ടെന്നു വിശ്വസിക്കുന്നുവോ? വിശ്വസിക്കുന്നുവെങ്കിൽ ഇങ്ങനെ സംശയിക്കുകയില്ല.

ഗൗ:-ആ കായ്യമവിടെയിരിക്കട്ടെ. ഞാൻ ചോദിച്ച ചോദ്യങ്ങൾക്കുത്തരം പറയു; പിന്നെയാകട്ടെ വേറെ ചോദ്യം.

മണി:-സ്വപ്നതുല്യമായ ഈ ജന്മത്തിലെ അനുഭവത്തെ മാത്രം വച്ചുകൊണ്ടു എന്തെങ്കിലും തീച്ച്പ്പെടുത്താമോ? നാം എവിടെ നിന്നു വന്നു? എങ്ങോട്ടേയ്ക്കു പോകുന്നു? ഈ സംഗതികൾക്കൂടി ഓക്കേണ്ടേ?

ഗൗ:—അമ്മയുടെ വയററിൽനിന്നു വന്നു; ചുടല ക്കളത്തിലേയ്ക്കു പോകുന്നു.

മണി:-ഹാ! ഹാ! അങ്ങനെയാണോ സ്നേഹിതൻെറ വിചാരം? അഹോ കഷ്ടം!

ഗൗ:-ഞാൻ കണ്ട കാൎയ്യം പറയുകയാണ്; പുസ്തക ത്തിൽ വായിച്ചതല്ല. പുസ്തകത്തിൽ പലതും എഴുതി ക്കാണും; അനുഭവത്തിനു യോജിക്കാഞ്ഞാൽ അതിനൊ ക്കെയെന്തു വിലയാണ്? സൗകൎയ്യമായി സാധുക്കളെ വഞ്ചിച്ചു തങ്ങൾക്കു തോന്നിയതു് പ്രവൎത്തിക്കുന്നതിനു വേണ്ടിയല്ല ചില രസികന്മാർ ഈ ഗ്രന്ഥങ്ങളെഴുതീട്ടുള്ള തെന്നു നമുക്കു് എങ്ങനെ നിശ്ചയിക്കാം?

മണി:—ആട്ടെ, അനുഭവംതന്നെ ധൎമ്മം ജയിക്കുന്നി ല്ലെന്നാണോ? ഒന്നുകൂടി ആലോചിച്ചു പറയൂ?

ഗൗ:—ഇല്ല. അതിനെന്തു സംശയമാണു്? വല്ല സംശയവുമുണ്ടെങ്കിൽ ഒരു കാൎയ്യം ചെയ്യാം. ഈ മാതിരി സംഗതികളിൽ ഭൂരിപക്ഷമനുസരിച്ചു തീരുമാനിക്കുക യാണ് നല്ലതു്. ഈ വഴിയേ പോകുന്ന നൂറുപേരോടു് ധൎമ്മമോ അധൎമ്മമോ ജയിക്കുന്നതെന്നു ചോദിക്കാം; എന്നിട്ടു അവരാക്കനുകൂലമായി മറുപടി പറയുന്നു എന്നറിയാം.

മണികുണ്ഡലൻ സമ്മതിച്ചു; അയാൾക്കു് ആ പരീക്ഷയുടെ ഫലത്തേപ്പററി യാതൊരു സംശയവും തോന്നിയില്ല.

ഗൗ:-ഒരു കാൎയ്യംകൂടിപ്പറയേണ്ടതുണ്ടു്. ഇതിപ്പോൾ ഒരു പന്തയംപോലെയായിട്ടുണ്ടു്. പന്തയത്തിൽ ജയിക്കുന്നവനു് എന്തെങ്കിലും ഒരു സമ്മാനം കൊടുക്കേണ്ടതാണു്. സ്നേഹിതനു പണയത്തിനു് ആഭരണപ്പെട്ടി ഉണ്ടു്. എനിക്കാണു് ഒന്നുമില്ലാത്തതു്.

മണി:-ഓഹോ! അങ്ങനെതന്നെയാകട്ടെ! ഈ ആഭരണങ്ങളിൽ പകുതി ഞാൻ സ്നേഹിതനു തരാം. അപ്പോൾ അവനവൻെറ ആഭരണം അവനവനു പന്തയം വയ്ക്കാം. ജയിക്കുന്നവനു മുഴുവനെടുത്തുകൊള്ളുകയും ചെയ്യാം.

ഗൗതമൻ ആ ഏൎപ്പാടു് സന്തോഷപൂൎവം സമ്മതിച്ചു എന്നു പറയേണ്ടതില്ലല്ലോ. ഓരോ വഴിയാത്രക്കാരോടായി ധൎമ്മമോ അധൎമ്മമോ ജയിക്കുന്നതെന്നു് അയാൾ ചോദിച്ചുതുടങ്ങി. പലരും അധൎമ്മത്തിനാണു് ജയമെന്നു ശങ്കകൂടാതെ പറഞ്ഞു. ധൎമ്മം ജയിക്കുമെന്നു പറഞ്ഞ ഏതാനും ചിലരെ ഗൗതമൻ കുയുക്തികൾകൊണ്ടു മടക്കി. എന്തിനു്? ഒടുവിൽ കണക്കു നോക്കിയപ്പോൾ ഭൂരിപക്ഷമാളുകൾ ഗൗതമൻെറ പാൎശ്വക്കാരാ

യിട്ടാണു് കാണപ്പെട്ടതു്. കുണ്ഡലൻ തോററു; രണ്ടുലക്ഷം ഉറുപ്പികയിൽപരം വിലയുള്ള ആഭരണങ്ങൾക്കു മുഴുവൻ മറേറ വിദ്വാൻ ഉടമസ്ഥനായി. എന്നാൽ കുണ്ഡലനു് അതിൽവച്ചു് ഒട്ടും മനസ്താപമുണ്ടായില്ല. "ഈ പെട്ടി ഇതുവരെ ഞാൻ ചുമന്നു; ഇനി സ്നേഹിതനാകട്ടെ." എന്നു പറഞ്ഞു വളരെ സന്തോഷത്തോടുകൂടി അതു ഗൗതമനെ ഏല്പിച്ചു രണ്ടുപേരും വീണ്ടും നടന്നുതുടങ്ങി.

കുറേ ദിവസങ്ങൾ കഴിഞ്ഞു് നമ്മുടെ യുവാക്കന്മാർ മറെറാരു ദേശത്തിൽ എത്തി. അവിടെവച്ചു് ഗൗതമൻ പിന്നെയും ചോദിച്ചു.

ഗൗ:-കുണ്ഡല! അധർമ്മമാണു് ജയിക്കുന്നതെന്നു ഇപ്പോൾ തീർച്ചപ്പെട്ടില്ലെ? ഇനിയും വല്ല തക്കവുമുണ്ടോ? നാം വഴിക്കു് ഏതെല്ലാം കാഴ്ചകളാണു് കണ്ടതു്? അവയിലൊന്നെങ്കിലും ധർമ്മത്തിനാണു് ജയമെന്നു പറവാൻ നമ്മെ സഹായിക്കുന്നുണ്ടോ?

മണി:-അധർമ്മമല്ല ജയിക്കുന്നതു്, ധർമ്മമാണു്; ധർമ്മംതന്നെ എന്നും ജയിക്കും.

ഗൗ:-ഇനിയും മൗഢ്യം വിട്ടന്നില്ലല്ലോ. ഒരിക്കൽ വാദിച്ചു് കൈയിലുള്ള കാശു മുഴുവൻ കളഞ്ഞു കുളിച്ചു. ഇനിയും വാദിക്കാനൊരുക്കമുണ്ടോ?

മണി:–ഉണ്ടു്.

ഗൗ:-മായാ! ഇത്രയൊക്കെ കണ്ടിട്ടു് പിന്നെയും വാദിക്കാമെന്നോ? എന്നാൽ കണ്ട കണ്ണുകൾ തന്നെ യാകട്ടെ പന്തയത്തിന്നു്. ഇനിയും നൂറുപേരോടു ചോദി ക്കാം. അവർ ധർമ്മം ജയിക്കുമെന്നു പറഞ്ഞാൽ എന്റെ കണ്ണുകൾ സ്നേഹിതന്നു അധീനമായി; അല്ലെങ്കിൽ സ്നേഹി തൻെറ കണ്ണുകൾ എനിക്കും.

മണി: – എങ്ങനെ വേണമെങ്കിൽ അങ്ങനെ ആകട്ടെ. അധർമ്മം ജയിക്കുമെന്നു് ഒരു വാക്യം എന്റെ നാക്കിൽ നിന്നു ഒരു കാലത്തും പുറപ്പെടുന്നതല്ല. ധർമ്മം തന്നെ ജയിക്കും.

ഗൗതമൻ വീണ്ടും ഒരു പരീക്ഷ നടത്തി; അതിലും ആ ദുഷ്ടൻ തന്നെയാണു് ജയിച്ചതു്. കുണ്ഡലൻ തന്നോടു കൂടി നടന്നാൽ സ്വത്തിൽ കുറേയെങ്കിലും കൊടുക്കേണ്ടി വരും; സ്വഗൃഹത്തിൽ ചെന്നു അയാൾ വിവരം അച്ഛനെ ധരിപ്പിച്ചാൽ മുഴുവൻ സ്വത്തും തന്നിൽനിന്നു പൊയ്പ്പോ കുന്നതിനുമിടയുണ്ടു്; ഈ ഗ്രഹപ്പിഴകൾക്കു പരിഹാര മാൎഗ്ഗമെന്തു്? കുണ്ഡലനെ അന്ധനാക്കിപ്പെരുവഴിയിൽ തള്ളിയുംവച്ചു് പോയാൽ തനിക്കു ആ സ്വത്തു മുഴുവൻ നിർബാധമായി അനുഭവിക്കാം. എത്ര സ്വത്തുണ്ടായാ ലാണു് ചിലവു ചെയ്യാൻ പാടില്ലാത്തതു്? ഏതെല്ലാം

സുഖാനഭവങ്ങൾ പടിപ്പടിയായി കിടക്കുന്നു? അവയൊക്കയും തനിക്കെന്തുകൊണ്ടു അനുഭവിച്ചുകൂടാ? ശരിവരെ അനുഭവിക്കുകതന്നെ വേണം. ഇന്നിരിക്കുന്നവനെ നാളെ കാണുന്നില്ല. ഉള്ള കാലത്തനുഭവിച്ചാലല്ലെ ഉള്ളു? ഇത്യാദി വിചാരങ്ങളോടുകൂടിയാണു് ആ പാപി മേല്പറഞ്ഞ പന്തയം നിശ്ചയിച്ചതു്. പന്തയത്തിൽ ജയിച്ചു എന്നു കണ്ടപ്പോൾ ഘാതകൻ ഇങ്ങനെ പറഞ്ഞു.

ഗൗ:—കുണ്ഡല! പന്തയപ്രകാരം കുണ്ഡലൻെറ കണ്ണുകൾ രണ്ടും എനിക്കധീനമായില്ലേ?

മണി:—ആയി.

ഗൗ:—ആ കണ്ണുകൾ കത്തികൊണ്ടു് ചൂഴ്ന്നെടുത്തു കളയാനാണു് ഞാൻ നിശ്ചയിച്ചിരിക്കുന്നതു്? സ്നേഹിതനു തർക്കിക്കുവാൻ നിവൃത്തിയില്ലല്ലൊ. സത്യപരിപാലനം ധർമ്മത്തിൽ ഉൾപ്പെട്ടതല്ലെ? അല്ലെങ്കിൽ അല്ലെന്നു പറയൂ. അധർമ്മം ജയിക്കട്ടെ എനിക്കുമതേ മോഹമുള്ളു.

മണി:—ഗൗതമ! അങ്ങു ഒരു മനുഷ്യവേഷധാരിയായ രാക്ഷസനാണെന്നു തോന്നുന്നുവല്ലോ.

ഗൗ:—രാക്ഷസനോ യക്ഷനോ? അക്കാര്യമിപ്പോൾ വാദവിഷയമല്ല. ഞാൻ സ്നേഹിതൻെറ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നതു സമ്മതം തന്നെയോ? അല്ലെങ്കിൽ അല്ലെന്നു പറയൂ. അധർമ്മം ജയിക്കട്ടെ.

പാവമെന്തു പറയും? തന്റെ കണ്ണുകൾ രണ്ടും ആ പരമദുഷ്ടൻ— പഞ്ചമഹാപാപി — ചൂഴ്ന്നെടുത്തുകൊള്ളുവാൻ അനുവദിച്ചു സന്തുഷ്ടനായി 'ധർമ്മോജയതിനാധർമ്മഃ' എന്നു തന്നെ പറഞ്ഞുകൊണ്ടു് മഹാനുഭാവനായ മണികുണ്ഡലൻ നിന്നു. അതു ദേവന്മാർ കാണേണ്ട ഒരു കാഴ്ചയായിരുന്നു. ഒരു പാപി സ്നേഹിതനെന്ന പേരും പറഞ്ഞുകൊണ്ടു അടുത്തുകൂടി ഒരു സാധുവിനെ കബളിപ്പിച്ചു മോഷ്ടാവിന്റെ നിലയിൽ സ്വഗൃഹത്തിൽ നിന്നു വെളിക്കിറക്കുന്നു; വഴിക്കുവച്ചു ആ സാത്വികന്റെ സർവ്വസ്വവും തട്ടിപ്പറിക്കുന്നു; ഒടുവിൽ കത്തികൊണ്ടു് ആ ഉത്തമന്റെ കണ്ണുകളും ചൂഴ്ന്നെടുക്കുന്നു; എന്നിട്ടും മറെറയാളുടെ നിലയെന്താണു്? ഏതവസ്ഥയിലും എന്താപത്തുകൾ വന്നാലും ധർമ്മംതന്നെ ജയിക്കുമെന്നു് പറഞ്ഞുകൊണ്ടു് ആ മാതൃകാപുരുഷൻ അണുമാത്രം കുലുങ്ങാതെ നില്ക്കുന്നു. നോക്കണേ മഹാത്മാക്കളുടെ മനഃസ്ഥൈര്യം!

ഗൗതമൻ കുണ്ഡലനെ അന്ധനാക്കി ഒരു പൊട്ടക്കിണററിൽ തള്ളിയിട്ടുംവെച്ചു് കൃതകൃത്യനായി ആഭരണപ്പെട്ടിയുംകൊണ്ടു കടന്നു. കുണ്ഡലൻ അവിടെ നിരാധാരനായി കിടപ്പുമായി. നേത്രദ്വാരങ്ങളിൽനിന്നും രക്താധാരമുറിയാതെ പായുന്നു; ശരീരമാസകലം വേദനകൊണ്ടു നീറുന്നു; തല തിരിയുന്നു; വയറു വിശക്കുന്നു;

പൊട്ടക്കിണററിന്ന സമീപം കുടിപാപ്പോ ജനസഞ്ചാരമോ യാതൊന്നുമില്ല. "ഭഗവാനേ! സവ്വേശ്വര! ധമ്മം ജയിക്കുമെന്നു പറഞ്ഞതിൽ വല്ല അബദ്ധവുമുണ്ടോ? അടിയന്നു ഇങ്ങനെ ഒരവസ്ഥ നിന്തിരുവടി വരുത്തിയല്ലോ! അടിയനെന്തു പാപം ചെയ്തിട്ടാണിങ്ങനെ സംഭവിച്ചതു്? അഥവാ പിതൃദ്രോഹിയും മോഷ്ടാവും ചൂതുകളിക്കാരനുമായ അടിയൻ മഹാപാപിയെന്നു ഇനി വിളിച്ചുപറയാനുണ്ടോ? ആ പാപകമ്മങ്ങളുടെ ഫലമായിരിക്കും അടിയനിപ്പോളനുഭവിക്കുന്നതു." എന്നിങ്ങനെ പലതും പറഞ്ഞു ആ സാധു അവിടെക്കിടന്നു പ്രലപിച്ചുകൊണ്ടിരുന്നു. പക്ഷെ ആ പ്രലാപം അധികസമയത്തേയ്ക്കു വേണ്ടി വന്നില്ല. എന്തെന്നാൽ ആ കിണററിന്ന സമീപം എവിടെനിന്നോ ഒരു ദിവ്യവിഗ്രഹനായ സന്യാസി ഉടനെ വന്നുചേൎന്നു. ആ സന്യാസി കുമ്പലനെ കുണ്ടിൽനിന്നു പിടിച്ചു കരയ്ക്കുകേററി "വത്സ! വ്യസനിക്കരുതു്. ധമ്മം തന്നെ ജയിക്കും. നോക്കു! ഞാനൊരു മരുന്നുതരാം. അതു രണ്ടു നേരം പുരട്ടിയാൽ ഏതു നേത്രരോഗത്തിന്നും ശാന്തി വരും. ഇതാ വാങ്ങിക്കൂ! ഇതു സ്വല്പം ഉപയോഗിച്ചു ബാക്കി കൈവശം വച്ചുകൊള്ളണം. മേലത്തേയ്ക്കു ഇതുകൊണ്ടു വല്ല പ്രയോജനവുമുണ്ടായേക്കും" എന്നു പറഞ്ഞു മരുന്നു് കൈയിൽ കൊടുത്തു തലയിൽതൊട്ടു അനുഗ്രഹിച്ചുംവച്ചു പോയി.

കുണ്ഡപ്പൻ മരുന്നു രണ്ടുനേരം പുരട്ടിയപ്പോൾ എന്തൊരാശ്ചര്യമോ അയാൾക്കു് വീണ്ടും കണ്ണുകളുണ്ടായി. മുമ്പിലത്തെ അന്ധത വെറും സ്വപ്നാനുഭവമായി തോന്നി. ബാക്കിയുള്ള മരുന്നു ഭദ്രമായി സൂക്ഷിച്ചുംകൊണ്ടു് ആ മാന്യൻ തൻെറ സ്നേഹിതൻ പോയ സ്ഥലം കണ്ടുപിടിച്ചു് അയാൾക്കു ധർമ്മത്തിൻെറ മാഹാത്മ്യം വെളിപ്പെടുത്തണമെന്നുള്ള മോഹത്തോടുകൂടി മുന്നോട്ടു നടന്നു.

ആ ദേശം മാളവചക്രവർത്തിയുടെ ആധിപത്യത്തിലുൾപ്പെട്ടതായിരുന്നു. അന്നത്തെ ചക്രവർത്തിക്കു സന്താനമായി ഹേമലത എന്നൊരു കന്യക മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ സർവലക്ഷണസമ്പന്നയും സർവസൽഗുണഭൂഷിതയുമായ ആ രാജപുത്രി അച്ഛൻെറ കിരീടത്തിനവകാശിനിയായിത്തീരും എന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ആ സുന്ദരിക്കു് ബാല്യത്തിലുണ്ടായ ഏതോ രോഗം നിമിത്തം ഒരു കണ്ണിനു കാഴ്ചയില്ലായിരുന്നു. അതിനു കാഴ്ചയുണ്ടാക്കിത്തരുന്ന പുരുഷനാരോ അദ്ദേഹത്തെ വിവാഹം ചെയ്യുക എന്നായിരുന്നു ആ സ്ത്രീരത്നത്തിൻെറ നിശ്ചയം. ആ നിശ്ചയം അച്ഛനനുകൂലമായിരുന്നു. അനവധി വൈദ്യശ്രേഷ്ഠന്മാർ അവർ പഠിച്ച പണിയെല്ലാം നോക്കി. എന്നിട്ടും കണ്ണു് ആ നിലയിൽ തന്നെയിരുന്നതല്ലാതെ രോഗത്തിനു യാതൊരു ഭേദവുമുണ്ടായില്ല. ഹേമലത നിത്യകന്യകയായിത്തന്നെ ജീവിതം

നയിക്കേണ്ടിവരുമെന്നു പിതാവു കണ്ടു് ഏററവും ദുഃഖിച്ചു. "ഹാ കഷ്ടം! എന്തൊരു ഘോരമായ പ്രതിജ്ഞയാണു് ഹേമലത ചെയ്തുപോയതു്. ലോകത്തിലുള്ള ഭിഷഗ്വരന്മാർ എല്ലാം വന്നു നോക്കി ഭഗ്നാശയന്മാരായി തിരിച്ചുപോയിക്കഴിഞ്ഞുവല്ലോ. പുത്രമുഖം കണ്ടു സന്തോഷിക്കുവാൻ യോഗമില്ലാത്ത എനിക്കു് ദൌഹിത്രമുഖവും കാണുവാൻ തരമില്ലല്ലോ! ഈശ്വര! എന്നെപ്പോലെ ദുർഭഗനായി ലോകത്തിലൊരുവനുണ്ടോ? ഈ രാജപദവി ആർക്കു വേണം? നാലുപേരെക്കാപ്പം ഒരു പുത്രനെ വച്ചു ലാളിക്കുവാൻ ഭാഗ്യമില്ലാത്ത ഞാൻ ആരുടെ കൂട്ടത്തിൽ പെട്ടവനാണു്? എന്നുതന്നെയുമല്ല, പാരമ്പര്യക്രമത്തിനു് എനിക്കു സിദ്ധിച്ച ചരിത്രപ്രസിദ്ധമായ ഈ രാജ്യം എന്റെ പുത്രിയുടെ മരണാനന്തരം ആരു പാലിക്കുവാൻ പോകുന്നുവോ? എന്റെ വംശജന്മാരല്ല, നിശ്ചയം. ഇങ്ങനെയുള്ള ഒരു പ്രതിജ്ഞ ഞാനും അനുവദിച്ചുവല്ലോ! ഹാ! ഹാ! ഇതിനിനി എന്തു നിവൃത്തിമാർഗ്ഗമാണു്."

എന്നിങ്ങനെ പലതും വ്യസനത്തോടുകൂടി ഒട്ടു തന്നോടും ഒട്ടു സമീപത്തു നിന്ന മന്ത്രിയോടുമായി പറഞ്ഞുകൊണ്ടു് ഒരു ദിവസം ചക്രവർത്തി ആസ്ഥാനമണ്ഡപത്തിൽ എഴുന്നള്ളിയിരിക്കയായിരുന്നു. അപ്പോൾ അവിടെ ഒരു തവണക്കാരൻ വന്നു് "തിരുമേനി! ആശ്ചര്യം! അത്യാശ്ചര്യം" എന്നറിയിച്ചു.

ചക്രു:—എന്തെടോ!

തവണ:—തിരുമേനി! ഒരു സുമുഖനായ യുവാവ് ഈ നഗരത്തിൽ വന്ന് കുറേദിവസമായി നേത്രരോഗങ്ങൾക്ക ചികിത്സചെയ്തുവരുന്നു. ഏതോ ഒരു മരുന്നു രണ്ടു നേരം പുരട്ടുന്നതേയുള്ളു; അതുകൊണ്ടു എത്ര വൈഷമ്യമുള്ള ദീനവും മാറിപ്പോകുന്നു. എന്തോ ഒരു ദിവ്യശക്തിയുണ്ടു്; സംശയമില്ല.

ഉടൻതന്നെ ആ യുവാവിനെ കൊട്ടാരത്തിലേയ്ക്കു വിളിച്ചുകൊണ്ടു വരുവാൻ മഹാരാജാവു കല്പന കൊടുത്തു. കുണ്ഡലൻ രാജമന്ദിരത്തിൽ എത്തി രാജകുമാരിയുടെ നേത്രരോഗം പതിവുപോലെ രണ്ടു നേരത്തെ മരുന്നുകൊണ്ടു ഭേദമാക്കി. ഹേമയെ നമ്മുടെ ഭാഗ്യവാനായ യുവാവ് അടുത്തുള്ള സുമുഹൂർത്തത്തിൽതന്നെ പാണിഗ്രഹണം ചെയ്തു. കൃതകൃത്യനായ ശ്വശുരൻ ജാമാതാവായ മണികുണ്ഡല മഹാരാജാവിനെ മാളവചക്രവൎത്തിയാക്കി അഭിഷേകംചെയ്യിച്ചുംവച്ച് വാനപ്രസ്ഥാശ്രമം സ്വീകരിച്ചു തപസ്സിനായി പോയി. മണികുണ്ഡലൻ ഉത്തമമായ രീതിയിൽ രാജ്യഭാരവുമാരംഭിച്ചു. 'ധൎമ്മോ ജയതി നാധൎമ്മഃ' എന്ന മുദ്രാവാക്യം രാജ്യവാസികളെല്ലാം അംഗീകരിച്ചു ധൎമ്മത്തെത്തന്നെ ദൈവമായി രാപ്പകൽ നാടെങ്ങും ആരാധിച്ചു തുടങ്ങി. സൎവ്വൈശ്വൎയ്യങ്ങളോടും സകല ഭാഗ്യങ്ങളോടുംകൂടി രാജ്യപരിപാലനം ചെയ്തുവന്ന ആ

മഹാനുഭാവന് ഒരു സംഗതി വിചാരിച്ചു മാത്രമേ അന്ത സ്താപമുണ്ടായിരുന്നുള്ളൂ. "എന്റെ ബാല്യസ്നേഹിതനെ വിടെ? അന്നു പിരിഞ്ഞതിൽ പിന്നെ അയാളെ ഒരു ദിക്കിലും കാണ്മാനിടവന്നില്ലല്ലോ. അധൎമ്മം ജയിക്കുക യില്ല; അതിനാൽ അയാൾക്കു ഇതിനിടയ്ക്കു വല്ല ആപ ത്തും പിണഞ്ഞിരിക്കുമോ? എന്റെ പ്രാണസുഹൃത്തിനെ വിട്ടിട്ട് എന്തു രാജ്യഭാരമാണ്? എന്തു സുഖാനുഭവമാണ്? അച്ഛനെക്കാണണം; അതു പക്ഷെ അയാൾകൂടി വന്നി ട്ടായാൽ കൊള്ളാം." ഇങ്ങനെ വിചാരിച്ചു അദ്ദേഹം പലപ്പോഴും ശോചിക്കാറുണ്ടായിരുന്നു. പല ദിക്കുകളിൽ അനുചരന്മാരെ അയച്ചു തിരക്കിയതിലും ഫലമൊന്നുമു ണ്ടായില്ല. ഗൗതമൻ ആഭരണപ്പെട്ടിയുംകൊണ്ട് എവിടെ പ്പോയെന്നോ എന്തു ചെയ്യുന്നോ ആൎക്കും അറിവുമില്ലാ യിരുന്നു.

ഒരിക്കൽ മഹാരാജാവു നായാട്ടിനായി പോയി. 'ഓട്ടം മൃഗങ്ങളെത്തേടി' കാട്ടിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ച് ഒടുവിൽ ദാഹം സഹിക്കാൻ പാടില്ലാതെ കുറെ ദൂരെയായിക്കണ്ട ഒരു കിണററിനു സമീപമെത്തി. അപ്പോൾ അതിനകത്തു നിന്ന് അതികരുണമായ ഒരു ആൎത്തനാദം കേൾക്കാമായിരുന്നു.

"ധൎമ്മം ജയിക്കുന്നു; അധൎമ്മം ജയിക്കുന്നില്ല; എന്റെ പ്രാണസുഹൃത്തിനെ ദ്രോഹിച്ച എനിക്കു അതേ അനു

ഭവാതന്നെ കിട്ടി; ഞാൻ നല്ല പാഠം പഠിച്ചു; ഇതു കുറെ മുൻപായിരുന്നെങ്കിൽ എത്ര പ്രയോജനമുണ്ടായിരിക്കുമായിരുന്നു. പ്രാണപ്രയാണത്തിൽ പാകംവന്നതുകൊണ്ടു ഫലമെന്തു്? ഹാ! ഹാ! ധൎമ്മം ജയിക്കുന്നു; അധർമ്മം ജയിക്കുന്നില്ല. ഭഗവാനേ! ജഗദീശ!"

മണികുണ്ഡലൻ വിസ്മയത്തോടും സംഭ്രമത്തോടും കൂടി അടുത്തു ചെന്നു നോക്കി. അതു ഒരു പൊട്ടക്കിണറും അതിനകത്തു കിടന്നു കരയുന്നതു തന്റെ പ്രാണസുഹൃത്തായ ഗൗതമനുമായിരുന്നു. വേഗം കുണ്ഡലൻ ഗൗതമനെ കരയ്ക്കു പിടിച്ചു കേററി. രണ്ടുപേരും അന്യോന്യം ഗാഢമായി ആലിംഗനംചെയ്തു് അവരുടെ കഥ പറഞ്ഞു കേൾപ്പിച്ചു. കുണ്ഡലനിൽനിന്നു തട്ടിപ്പറിച്ച ആഭരണങ്ങളെല്ലാം താൻ പാശികളിക്കാരുടെ ഇടയിൽ കൊണ്ടുചെന്നു പന്തയംവച്ചു കുറേനാൾ കളിച്ചതായും തനിക്കു് അതിൽ ഒട്ടുവളരെ സമ്പാദ്യമുണ്ടായതായും ഒടുവിൽ തന്റെ പുതിയ സ്നേഹിതന്മാർ തന്റെ സർവ്വസ്വവും അപഹരിച്ചു കണ്ണും പൊട്ടിച്ചു് തന്നെ ആ കുണ്ടുകിണററിൽ കൊണ്ടുചെന്നു തള്ളിയിട്ടുംവച്ചു പോയതായും ഗൗതമൻ പറഞ്ഞു.

ഗൗ:—"സ്നേഹിത! ഞാൻ രണ്ടു കണ്ണും കാണ്മാൻ പാടില്ലാത്ത കുരുടനായി. ഇവിടെത്തന്നെ കിടന്നു് എന്റെ കഥ കഴിയട്ടെ. രാജധാനിയിൽ വന്നിട്ടു് എനി

ക്കെന്തു ലാഭമാണു്? ധർമ്മം ജയിക്കുന്നു. സ്നേഹിതൻ ധമ്മിഷ്ഠനായതിനാൽ ഒരു ദിവ്യസന്ന്യാസി വന്നു് സ്നേഹിതനെ ആപത്തിൽനിന്നു രക്ഷപ്പെടുത്തി. അധമ്മത്തിനു വിളനിലമായ എനിക്കുണ്ടോ അങ്ങനെയൊരു ഭാഗ്യം വരാനവകാശം?"

"ഉണ്ടു്; നിശ്ചയമായുമുണ്ടു്; ഗൗതമൻ എന്റെ പ്രാണസുഹൃത്തല്ലേ?" എന്നു പറഞ്ഞുകൊണ്ടു് തന്റെ കൈവശമുണ്ടായിരുന്ന ദിവ്യൗഷധത്തിൽ കുറെയെടുത്തു് കുണ്ഡലൻ ഗൗതമന്റെ കണ്ണുകളിൽ രണ്ടു തവണ പുരട്ടി. ഉടനെ ഗൗതമനു കാഴ്ചയുമുണ്ടായി. "ഇതെന്തത്ഭുതമാണു്; കർമ്മസാക്ഷിയായ ആദിത്യഭഗവാൻതന്നെ സന്ന്യാസി വേഷത്തിൽ ഈ ഔഷധം സ്നേഹിതനു കൊണ്ടുവന്നു തന്നതോ? ഇതിന്റെ ഫലം എത്ര കൈകണ്ടതായിരിക്കുന്നു!" എന്നും മററും ഗൗതമൻ മരുന്നിനെ ശ്ലാഘിച്ചു. രണ്ടുപേരും പരമാനന്ദത്തോടുകൂടി രാജധാനിയിലെത്തി.

അന്നു മുതൽ ഗൗതമനും ഒരു പരമ ധാമ്മികനായിത്തീൻ എന്നു പറയേണ്ടതില്ലല്ലോ. കിരീടധാരണംചെയ്ത ചക്രവത്തി മണികുണ്ഡലൻ; ചെയ്യാത്ത ചക്രവത്തി ഗൗതമൻ; ഇത്ര മാത്രമേ അവക്കു തമ്മിൽ ഭേദമുണ്ടായിരുന്നുള്ളു. പശ്ചാത്താപത്തിനു വശംവദനായ ഗൗതമൻ തന്റെ വയസ്യൻ എത്ര തന്നെ നിർബന്ധിച്ചിട്ടും വിവാഹബന്ധത്തിൽ ഉൾപ്പെട്ടില്ല. കുണ്ഡലനും ഹേമ

ലതയ്ക്കും ഒരു ഉത്തമ സഹോദരനായി അയാൾ ആയുശ്ശേഷത്തെ നയിച്ചു. ഏറെത്താമസിയാതെ മൂന്നുപേരും കുണ്ഡലന്റെ പൂർവഗൃഹത്തിൽചെന്നു് വയോവൃദ്ധനായ അദ്ദേഹത്തിന്റെ പിതാവിനെ സാഷ്ടാംഗമായി നമസ്കരിച്ചു തങ്ങളുടെ ചരിത്രങ്ങൾ പറഞ്ഞു കേൾപ്പിച്ചു. അത്ഭുതത്തോടും ആനന്ദത്തോടുംകൂടി ആ കഥകൾ എല്ലാം കേട്ടു് ആ ഉത്തമ പുരുഷൻ ധർമ്മസ്വരൂപനായ ഈശ്വരന്റെ മാഹാത്മ്യത്തെ പ്രശംസിച്ചു. നാലുപേരുംകൂടി തിരിയെ മാളവരാജ്യത്തിലേയ്ക്കുപോയി അവിടെ വളരെക്കാലം സുഖമായിരുന്നു.

ബാലന്മാരേ! 'ധർമ്മോസ്മൽകുലദൈവതം' എന്ന മുദ്രാവാക്യത്തെ പ്രതിനിമിഷം പരിപാലിക്കുന്ന ഒരു രാജ്യത്തിന്റെ ഭരണത്തിൽ ജീവിക്കുന്ന നിങ്ങൾ ധർമ്മബുദ്ധികളായി വളർന്നുവരേണ്ടതു് പ്രത്യേകം ആവശ്യകമാണു്. മണികുണ്ഡലനെ നിങ്ങളുടെ മാതൃകയായി സ്വീകരിക്കുവിൻ! മാതൃഭൂമിക്കു മാനത്തെ വർദ്ധിപ്പിക്കുവിൻ! നിങ്ങളുടെ ജന്മം സഫലമാകട്ടെ!

III

പരോപകാരാർത്ഥമിദംശരീരം

(മഹാഭാരതം, ശാന്തിപൎവ്വം.)

ഒരിക്കൽ ഒരു കാട്ടാളൻ പക്ഷികളെ പിടിക്കുന്നതിനായി വനത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. കറുത്ത നിറം; പരുത്ത മുഖം; തുറിച്ച കണ്ണു്; തടിച്ച ചുണ്ടു്; ആകപ്പാടെ ഒരു മഹാഭയങ്കരമായ വേഷം. ബാല്യം മുതല്ക്കു പ്രാണിഹിംസകൊണ്ടുപജീവിക്കുന്ന അവനുണ്ടോ ദയ ? അകവും പുറവും ഒന്നുപോലെ കറുക്കട്ടെ. വഴി നീളെ വിഷം വമിക്കുന്ന ഒരൊന്നാന്തരം കൃഷ്ണസർപ്പം. അങ്ങനെ ഒരു ഘാതകൻ ആ കാട്ടിൽ അതുവരെ സഞ്ചരിച്ചിട്ടുണ്ടോ എന്നു സംശയം. വില്ലു്, അമ്പു്, വല, കൂടു് മുതലായ സാമഗ്രികളോടുകൂടി അവൻ ഏകാകിയായി വേട്ടയാടിക്കൊണ്ടിരുന്നു.

അപ്പോഴേയ്ക്കും അതുവരെ നിൎമ്മലമായിരുന്ന ആ കാശം വല്ലാതെ ഒന്നിരുണ്ടു. അന്തരീക്ഷം കൊടുങ്കാറുകളാൽ ആവൃതമായി; മിന്നൽപ്പിണരുകളാൽ ജ്വലിച്ചു. കഠോരമായ ഇടിനാദം ദിക്കെങ്ങും മുഴങ്ങി. അതിഘോരമായി മഴയും ആരംഭിച്ചു. മഴയെന്നു നാടോടിയായി പറഞ്ഞതുകൊണ്ടായില്ല; തുള്ളിക്കൊരു കുടംവീതം പെയ്യു

ന്ന ഒരു ഉൗക്കൻ പെരുമഴ. കാററുകൊണ്ടു മരങ്ങൾ കട പുഴങ്ങി വീഴുന്ന ഘോഷമങ്ങനെ. 'കലപല' ശബ്ദിച്ചു കൊണ്ടു് പക്ഷികൾ കൂട്ടവിട്ടു പായുന്ന ഘോഷമങ്ങനെ; ഭയങ്കരനാദം പുറപ്പെടുവിച്ചുകൊണ്ടു് ദുഷ്ട സത്വങ്ങൾ കുതിച്ചുചാടുന്ന ഘോഷമങ്ങനെ. പ്രചണ്ഡമായ കൊടു ങ്കാററു്; അത്യുഗ്രമായ ശീതം. തണുപ്പുകൊണ്ടു സാധു വ്യാധൻ വല്ലാതെയായി; അവൻെറ ബലവും ദാർഢ്യവു മുള്ള ശരീരം കോച്ചിവിറച്ചു മരവിച്ചുതുടങ്ങി. നില്ക്കാനു മിരിക്കാനും നടക്കാനും കഴിയാതെ വയററിൽ കൈയും വച്ചു ആ ദുഷ്ടൻ നാലുപുറവും നോക്കി നെടുവീർപ്പിട്ടു. വനത്തെ സമുദ്രം ആക്രമിച്ചുവോ എന്നു തോന്നത്തക്ക വണ്ണം അവിടമെല്ലാം ജലപ്രളയമായി. എങ്ങോട്ടു പോ കും? എന്തുചെയ്യും? മഹാരണ്യത്തിൻെറ മദ്ധ്യപ്രദേശം; ആദിത്യനസ്തമിക്കാൻ അര നാഴികയില്ല. തൻെറ ഗൃഹ ത്തിൽ തിരിച്ചുചെന്നെത്തണമെങ്കിൽ ചുരുങ്ങിയപക്ഷം ഒരു പത്തു മയിലെങ്കിലും നടക്കണം. വ്യാധൻ മേലും കീഴും നോക്കിക്കൊണ്ടു നിന്ന നിലയിൽ നിരാധാരനായി നിന്നു. അമ്പോ പ്രകൃതിയുടെ ഭയങ്കരമായ പൈശാച വേഷം! അതു മനസ്സുകൊണ്ടു ചിന്തിക്കുവാൻപോലും പേടിയാകുന്നു.

അ സമയത്തിൽ തണുപ്പു സഹിക്കുവാൻ പാടി ല്ലാതെ മൃതപ്രായമായി ഒരു പെൺപ്രാവ്് സമീപത്തുള്ള

ഒരു വൃത്തിൻെറ കൊമ്പിൽനിന്നു ചുവട്ടിൽ വന്നു വീണു. ദുഷ്ടന്മാക്കു മരണത്തിലും പരദ്രോഹത്തിലാണല്ലൊ അഭിരുചി. ജാത്യാ ഉള്ളതു തൂത്താൽ പോകുന്നതുമല്ല. പക്ഷിയെ കണ്ടപ്പോഠം കാട്ടാളൻ തൻെറ നിലയെല്ലാം മറന്നു. വേഗം അതിനെ കൈകൊണ്ടെടുത്തു കൂട്ടിനകത്തിട്ടടച്ചു. അപ്പോഴേയ്ക്കു ദൈവഗത്യാ മഴയും വിട്ടു. വ്യാധൻ കത്തവ്യമെന്തെന്നു തീച്ചപ്പെടുത്താതെ കുറെ ദൂരം മുന്നോട്ടു നടന്നു. മഴ മാറിയാലും തണുപ്പു മാറീട്ടില്ല; കൊടുങ്കാട്ടിലെ ആ ഭാഗം തനിക്കു മുൻപു പരിചയമുള്ളതുമല്ല; അന്തിമയങ്ങിക്കഴിഞ്ഞിരിക്കുന്നു; അന്നത്തെ രാത്രി എവിടെ കഴിച്ചുകൂട്ടാനാണു്? അത്താഴമൂണിനു് എവിടെച്ചെന്നു ചേറാനാണു്? ഒരു നിശ്ചയവുമില്ല. ചെല്ലുന്നെടം ചെല്ലട്ടെ എന്നു വച്ചാണു് കാട്ടാളൻ മുന്നോട്ടു നടന്നതു്; ഒന്നിനൊന്നു മാൎഗ്ഗം ദുൎഗ്ഗമമായി കണ്ടു. വഴിയരികിൽ ഒരു വലിയ വടവൃക്ഷം നിൽക്കുന്നു. അതിൻെറ ശാഖകകളിൽ അനവധി പക്ഷികഠം സുഖിക്കുന്നു. പരോപകാരത്തിനു വേണ്ടി ജീവിക്കുന്ന ഒരു ഉത്തമ പുരുഷൻെറ ഗുണങ്ങളെല്ലാം ആ വൃക്ഷത്തിൽ തികഞ്ഞു കാണാമായിരുന്നു. "അല്ലയോ വൃക്ഷരാജാവേ! ഇന്നത്തെ രാത്രിക്കു ഞാൻ അങ്ങയെ ശരണംപ്രാപിക്കുന്നു. അങ്ങയുടെ ബന്ധുക്കഠം തന്നെ എൻേറയും ബന്ധുക്കഠം" എന്നു ദീനസ്വരത്തിൽ പലതും പ്രലപിച്ചുകൊണ്ടു് ആ കാട്ടാളൻ കുറെ കാട്ടിലകഠം പറിച്ചു തറയിൽ വിരിച്ചു് ഒരു കല്ലിൽ തലയും

ചാരി കിടന്നു. ആ തണുപ്പത്തു അന്താഴപ്പട്ടിണിക്കാര
നായ അവൻ എവിടെ ഉറങ്ങാനാണു? ഒരു പോളകണ്ണടയുന്നില്ല.

മുമ്പു പ്രസ്താവിച്ച മാടപ്രാവിന്റെ കൂടു് ആ വട
വൃക്ഷത്തിൻെറ ഒരു ശാഖയിൽ ആയിരുന്നു. ആൺപ്രാവും
പെൺപ്രാവുംകൂടി അന്നു കാലത്തു ഇരതേടുവാൻ രണ്ടു
മാൎഗ്ഗമായിപോയതാണു്. ആൺപ്രാവു് ഒരുവിധം സന്ധ്യ
യോടുകൂടി തിരിയെ എത്തി. ഇരയൊന്നും കിട്ടിയില്ല.
ഭൎത്താവിനു മുൻപു തിരിയെ വന്നു് ഭൎത്തൃശുശ്രൂഷയ്ക്കു
സന്നദ്ധയായിരിക്കുന്നതാണു് ഭാൎയ്യയുടെ പതിവു്. അന്നു്
സന്ധ്യകഴിഞ്ഞിട്ടും പത്നി തിരിച്ചെത്തിക്കാണാത്തതി
നാൽ ആൺ പ്രാവു് വളരെ ദുഃഖിച്ചു. "ഹാ! ഹാ!
ദൈവമേ! എന്റെ പ്രാണപ്രിയക്കു് വഴിമദ്ധ്യത്തിൽ എ
ന്തെങ്കിലും ആപത്തു പിണഞ്ഞിരിക്കണം; സംശയമില്ല.
അല്ലെങ്കിൽ ആ സാധ്വി ഇതുവരെ ഗൃഹത്തിൽ വന്നുചേ
രാതിരിക്കുവാനിടയില്ലല്ലൊ. അവളുടെ സൈ്വരസഞ്ചാ
രത്തിനു് വല്ല വിഘാതവും സംഭവിച്ചിരിക്കുമോ? കാററും
മഴയുമേററു് ദേഹം മരവിച്ചു മരിച്ചുപോയിരിക്കുമോ?
അതോ വല്ല കാട്ടാളന്മാരും വലവച്ചു പിടിച്ചുകൊണ്ടുപോ
യിരിക്കുമോ? ഗൃഹിണിയില്ലാത്ത ഗൃഹം ശൂന്യമെന്നു്
അഭിജ്ഞന്മാർ പറയുന്നതു് എത്ര പരമാൎത്ഥമാണു്!
ഗൃഹിണിയോടുകൂടിയവൎക്കു മരക്കൊമ്പും മാളിക; അല്ലാ

ത്തവക്ക് ഹമ്മ്യവും ശ്മശാനം. അങ്ങനെയല്ലേ ലോക സ്ഥിതി? അതിലും എന്റെ പ്രിയപത്നിയെ സാധാരണ ഒരു സഹധർമ്മിണി എന്നു ഗണിച്ചാൽ മതിയോ? ഞാനു ണ്ണാതെ അവളുണ്ണാറില്ല; കുളിക്കാതെ കുളിക്കാറില്ല, നില്ക്കു മ്പോളിരിക്കാറില്ല; ഉറങ്ങീട്ടല്ലാതെ ഉറങ്ങാറുമില്ല. എനി ക്കു സന്തോഷമായാൽ അവൾക്കു സന്തോഷമായി; വ്യസ നമായാൽ വ്യസനമായി, ഞാൻ പിരിഞ്ഞാൽ മുഖം വാട്ടം; എന്നെ കണ്ടാൽ ജന്മം സഫലമായി. വല്ല അവസരത്തിലും ഞാൻ കോപിച്ചാൽ സാന്ത്വനവാക്കു കൾ പറഞ്ഞു സമാധാനപ്പെടുത്തും. അവളല്ലേ ഗൃഹ ലക്ഷ്മി; ഗൃഹദേവത? അവളെ വിവാഹം ചെയ്യുവാൻ യോഗമുണ്ടായ ഞാനല്ലേ ചരിതാർത്ഥൻ? ഞാൻ ആയാസ പ്പെട്ടു വിശന്നു സന്ധ്യയോടുകൂടി വന്നുചേരുമെന്ന് അവൾ ക്ക് നല്ലപോലെ അറിയാം. പതിവായി ഞാൻ വരു ന്നതിനു മുൻപുതന്നെ വന്ന് എന്നെ ഉപചരിക്കുന്നതിനു സന്നദ്ധയായിരിക്കുന്നതാണല്ലൊ അവളുടെ നിയമം? ആ നിയമം ഇന്നു ഇത്രത്തോളം തെററിയിരിക്കുന്ന സ്ഥിതിക്കു ഭഗവാനെ! സർവേശ്വര! എന്റെ ഹൃദയം തകരുന്നു! തല തിരിയുന്നു. എന്റെ പുണ്യം ക്ഷയിച്ചുവോ? ഞാന നാഥനായോ? അയ്യോ! അയ്യോ!" ഇങ്ങനെ പലതും പറ ഞ്ഞു കരച്ചിലും തൊഴിച്ചിലുമായി.

ആൺപ്രാവ് ഇപ്രകാരം വിലപിക്കുന്നതു് വൃക്ഷ

ച്ചുവട്ടിൽ വേടന്റെ കൂട്ടിൽ കിടന്ന പെൺപ്രാവു കേട്ട
ആ പ്രാവിന്ന് അതിലധികം ഒരാനന്ദം വരുവാനില്ലായ
രുന്നു. "അഹൊ! എന്നെപ്പോലെ ഭാഗ്യവതികളായ സ്ത്രീ.
കൾ ലോകത്തിലില്ല. എനിക്കു ഗുണങ്ങൾ ഉണ്ടെങ്കിലും
ഇല്ലെങ്കിലും ഉള്ളതായിട്ടാണല്ലോ പ്രാണനാഥന്നു ബോദ്ധ്യം
വന്നിരിക്കുന്നത്. ഇതിലധികമായി എന്തു ചാരിതാ
ൎത്ഥ്യമാണ് എനിക്ക് ഈ ജന്മത്തിൽ സിദ്ധിക്കുവാനു
ള്ളതു്? തന്റെ സ്വഭാവത്തെക്കുറിച്ചു ഭൎത്താവിന്നു സ
ന്തോഷം തോന്നാതെയിരുന്നാൽ ഭാൎയ്യയ്ക്കെന്തഭിമാന
മാണ്? ഭൎത്താവു സന്തോഷിച്ചാൽ സൎവ്വദേവതകളും
സന്തോഷിച്ചതുപോലെയായി. ഞാൻ ഈ അവസര
ത്തിൽ മഹാധന്യയായിരിക്കുന്നു എന്നുള്ളതിന്ന് എന്തു
സംശയമാണ്?" എന്നിങ്ങനെ വിചാരിച്ചുകൊണ്ടു്
ആ പതിവ്രതാശിരോമണി വൃക്ഷശാഖയിലിരുന്നു കര
യുന്ന തന്റെ പ്രാണനാഥനോടു് മധുരമായി താഴെ വരും
പ്രകാരം മൊഴിഞ്ഞു.

പെൺപ്രാവു്:—സ്വാമിൻ! ഈ വടവൃക്ഷത്തി
ന്റെ ചുവട്ടിൽ ഒരു വേടൻ ശീതംകൊണ്ടും വിശപ്പു
കൊണ്ടും വലഞ്ഞു തളൎന്നു നഷ്ടസംജ്ഞനായി കിടക്കുന്നു.
ഈ നിലയ്ക്കു് ഇദ്ദേഹം ഈ കിടപ്പുവിട്ടു് എഴുന്നേല്ക്കു
മെന്നുതന്നെ തോന്നുന്നില്ല. ആസന്നമൃത്യുവായ ഇദ്ദേഹം
നമ്മുടെ ഗൃഹത്തെ ശരണം പ്രാപിച്ചിരിക്കുന്നതു് അവി

ട്ടന്നു കാണുന്നില്ലെ? ശരണാഗതപാലനത്തേക്കാൾ— അതിഥിസല്ക്കാരത്തേക്കാൾ — പരോപകാരത്തേക്കാൾ — വലുതായ ഒരു ധൎമ്മം നമുക്കെന്താണു ലോകത്തിലുള്ളതു്? ഞാൻ തണുപ്പുകൊണ്ടു പറക്കുവാൻ ശക്തിയില്ലാതെ പാതിവഴിക്കുവച്ചു നിലത്തുവീണു. ഇദ്ദേഹം എന്നെ പിടിച്ചു കൂട്ടിലുമാക്കി. അതിനെന്താണു്? അതിദ്ദേഹത്തിന്റെ ധൎമ്മമാണെങ്കിൽ ആയിക്കൊള്ളട്ടെ. നമ്മുടെ ധൎമ്മം നമുക്കനുഷ്ഠിക്കാം. അഥവാ ഇദ്ദേഹം എന്റെ വിഷയത്തിൽ ദയയല്ല കാണിച്ചിട്ടുള്ളതെന്നുതന്നെ എങ്ങനെ ഖണ്ഡിച്ചുപറയാം? ഇദ്ദേഹത്തിന്റെ കാരുണ്യം കൊണ്ടല്ലെ ഞാൻ ഈ നിമിഷംവരെ ജീവിച്ചിരിക്കുന്നതു്? ശീതബാധയിൽനിന്നു് എന്നെ രക്ഷിച്ചതു് ഇദ്ദേഹമല്ലെ? പക്ഷെ ആ കാൎയ്യം ഇപ്പോൾ നോക്കീട്ടാവശ്യമില്ല. പരോപകാരത്തിനില്ലാത്ത ജന്മം ആൎക്കു വേണം? അതിനാൽ അവിടുന്നു വേഗം ഈ വേടന്റെ അടുക്കൽവന്നു് ഇദ്ദേഹത്തിന്റെ ഹിതത്തെ അനുവൎത്തിച്ചു ജന്മസാഫല്യം വരുത്തണമേ! ഒട്ടും അമാന്തിക്കരുതേ! എന്തെങ്കിലും തരക്കേടു വന്നുപോയാൽ അതിഥിഹത്യാപാപം സംഭവിച്ചുപോകുമേ!"

ഈ വാക്കുകൾ ആൺപ്രാവു കേട്ടു. തന്റെ ജീവിതസൎവ്വസ്വത്തെ പിടിച്ചു കൂട്ടിനകത്തിട്ടടച്ച മഹാപാപിയോടാണല്ലോ താൻ കുശലപ്രശ്നം ചെയ്യുവാൻ പോകുന്ന

തെന്നും തന്നെക്കൂടിയും ആ ജന്തുദ്രോഹി പക്ഷെ പിടി ച്ചേക്കുമെല്ലാം എന്നുംമററുമുള്ള വികാരങ്ങളൊന്നും ആ പക്ഷിയുടെ പാവനഹൃദയത്തിൻെറ പര്യന്തദേശങ്ങളെ പ്പോലും അശുദ്ധമാക്കിയില്ല. ഉടനെ പ്രാവു താഴെയി റങ്ങി വ്യാധന്റെ മുമ്പിൽചെന്നു് "ഭഗവാനേ! ഈ വട വൃക്ഷം എന്റെ വാസസ്ഥലമാണു്. അവിടുന്നാണു് ഇന്നു പകൽസമയത്തു് എന്റെ സഹധർമ്മിണിയെ ശീത ബാധയിൽനിന്നു രക്ഷിച്ചതു്. ഈ വിധേയന്റെ ആതി ത്ഥ്യത്തെ സ്വീകരിക്കുവാൻ കരുണയുണ്ടാകണമേ! ഇവി ടുത്തേയ്ക്കു് എന്നാൽ കരണീയമായുള്ളതെന്തെന്നു് അരു ളിച്ചെയ്യണമേ! ഇവിടുന്നു് ശത്രുവാണെന്നു് ഒരു വിചാ രം എന്റെ ഹൃദയത്തെ സ്പർശിക്കുന്നില്ല. അഥവാ ശത്രു വായാൽതന്നെയെന്താണു്? ശത്രുവിനേയും അതിഥിയാ യാൽ സൽക്കരിക്കേണ്ടതു സത്തുക്കളുടെ ധർമ്മമല്ലേ? വിറ കുവെട്ടാൻ വരുന്നവരെ വൃക്ഷങ്ങൾ നിഴലുകൊണ്ടു ഉപച രിക്കുന്നില്ലേ? സ്വാമിൻ! ഇവിടുത്തെ അഭീഷ്ടമെന്തെന്നു ഈ കിങ്കരനോടു മടിക്കുടാതെ തുറന്നു പറയേണമേ!" എന്നിങ്ങനെ പലതും പറഞ്ഞു്, മയങ്ങി നിസ്സംജ്ഞ നായി കിടന്നിരുന്ന ആ വ്യാധനെ ഒരുവിധത്തിൽ തട്ടി യുണർത്തി. വ്യാധൻ കണ്ണുതുറന്നു നോക്കി. താൻ പിടി ച്ചു കൂട്ടിനകത്തിട്ടിരിക്കുന്ന പ്രാവിന്റെ ഇണതന്നെയാണു തന്നെ ശുശ്രൂഷിക്കുവാൻ തയാറായി വന്നു നില്ക്കുന്ന തെന്നു് അവൻ കണ്ടു. അതെന്തൊരു വിദ്യയാണെന്നു്

ആ ഘാതകന് എത്രതന്നെ ആലോചിച്ചിട്ടും മലസ്സിലാ യില്ല. സത്തുക്കളുടെ സ്വഭാവനൈമ്മല്യത്തെ അറിയു ന്നതിനോ അഭിനന്ദിക്കുന്നതിനോ ദുഷ്ടന്മാക്കു കഴിയുമോ? ഏതായാലും തരക്കേടില്ലെന്നു വിചാരിച്ചു് അവൻ ഇങ്ങ നെ പറഞ്ഞു: "പ്രാവേ! എനിക്കു തണുപ്പുകൊണ്ടു വ ളരെ കുഴപ്പമുണ്ടു്. ഈ നിലയ്ക്കു ഞാൻ ഈ രാത്രി എങ്ങനെ കഴിച്ചുകൂട്ടുമെന്നറിയുന്നില്ല. അതിനാൽ ഈ തണുപ്പു മാറത്തക്കവണ്ണം ഉചിതംപോലെ എന്തെങ്കിലും നീ ഉടനടി പ്രവത്തിക്കണം."

അതുകേട്ട പ്രാവു് വളരെ പണിപ്പെട്ടു കുറെ കരിയി ലകഠം കൊണ്ടുവന്നു വേടന്റെ മുന്നിൽ കൂട്ടി. പെരുമഴ കഴിഞ്ഞിരിക്കുന്ന ആ അവസരത്തിൽ ആവശ്യമുള്ള കരി യില എവിടെ കിട്ടാനാണു്? അതുകൊണ്ടു മതിയാകാ ഞ്ഞിട്ടു് ഒടുവിൽ തന്റെ കൂടും വലിച്ചുവത്തു് ആ ഇല കഠംക്കു പുറത്തു ഇട്ടു് ദൂരെ എവിടെയോപോയി ഒരു കഷ ണം തീക്കട്ട കൊണ്ടുവന്നു് തന്റെ ചിറകുകഠംകൊണ്ടു വീശി ഒരുവിധം അഗ്നിയെ ജ്വലിപ്പിച്ചു. "ഭഗവാനെ! വരാം! അടുത്തുവരാം! സുഖമായി തീ കായാം" എന്നു് അതിഥിയെ അടുക്കൽ വിളിച്ചു. വേടനു പരമാനന്ദമായി എന്നു പറയണമോ? അവൻ കൈകാലുകഠം നീട്ടി വേ ണ്ടിടത്തോളം തീകാഞ്ഞു ശീതബാധയിൽനിന്നു വിമുക്ത നായി പൂണ്ണസുഖത്തെ പ്രാപിച്ചു.

"സ്വാമിൻ! ഇനി ഇവൻ എന്താണ് അനുഷ്ഠിക്കേണ്ടതു്?" എന്നു് ആൺപ്രാവു് ചോദിച്ചു.

വേടൻ പറഞ്ഞു:—"പ്രാവേ! ഇതുകൊണ്ടായില്ല. കുളിരുമാറിയപ്പോൾ വിശപ്പു് ഇരട്ടിച്ചതുപോലെ തോന്നുന്നു. അതിനു വല്ലതും ഒരു പരിഹാരം ഉണ്ടാക്കിത്തന്നേ കഴിയൂ." വേടനു് എന്തു നഷ്ടമാണു്? തുശിക്കു പഴുതു കൊടുത്താൽ തുമ്പ കടത്തുന്ന വകയല്ലേ? മുറയ്ക്കു തട്ടിവിട്ടു. പ്രാവു കുറേ നേരത്തേയ്ക്കു മാറത്തു കൈയുംവച്ചു മുകളിലേക്കു നോക്കിക്കൊണ്ടു വിഷണ്ണനായി നിന്നു.

വേടൻ ചോദിച്ചു: പ്രാവേ! നീ എന്തുവിചാരിച്ചു വ്യസനിക്കുന്നു. ആഹാരം കിട്ടിയാൽ പെൺപ്രാവിനെ വിട്ടുതരുന്ന കാര്യത്തെക്കുറിച്ചാലോചിക്കാം.

ആൺപ്രാ:—സ്വാമിൻ! അക്കാര്യത്തെപ്പററിയല്ല ഇൗയുള്ളവനു ചിന്ത; അതുണ്ടാകുന്നതുമല്ല. പറയാം. പണ്ടു രന്തിദേവനെന്നൊരു മഹാരാജാവുണ്ടായിരുന്നു.

അതു താൻ കേട്ടിട്ടില്ലെന്നു വേടൻ പറഞ്ഞു. എവിടേക്കേറുക്കാനാണു്? കാട്ടുകോഴിക്കുണ്ടോ മകരസംക്രാന്തി?

ആൺപ്രാ:—ആ മഹാനുഭാവൻ ഒരിക്കൽ ഒരു കാട്ടിൽ വളരെ നാളത്തെ ഉപവാസത്തിനുശേഷം പാരണ

യ്യാായിയത്നാം ചെയ്തു. സ്വല്പം അന്നവും പാലും ഒരു പാത്രത്തിൽ കുറെ വെള്ളവും മാത്രമേ ഭക്ഷ്യപേയങ്ങളായി കൈവശമുണ്ടായിരുന്നുള്ളു. രന്തിദേവൻ പാരണയ്ക്കായി ആരംഭിച്ചതും ഒരതിഥി 'ദേഹി' എന്നു പറഞ്ഞുകൊണ്ടു് നടയിൽ വന്നതും ഒരേ സമയത്തായിരുന്നു. അന്നത്തിലും പാലിലും പകുതി ആ അതിഥിക്കു കൊടുത്തു് അദ്ദേഹത്തെ യാത്രയയച്ചതിനുമേൽ വീണ്ടും ഭക്ഷണത്തിനൊരുങ്ങി. അപ്പോൾ ഒരു ദീനക്കാരൻ തനിക്കു വല്ലതും കിട്ടണമെന്നു വഴിയിൽനിന്നു യാചിക്കുന്നതു മഹാരാജാവു കേട്ടു് ബാക്കിയുള്ള അന്നത്തിലും പാലിലും ഒന്നുപകുതി അയാൾക്കു കൊടുത്തു. ശേഷിച്ചിരിപ്പുള്ള ആഹാരം കൊണ്ടു പാരണ നിവൎത്തിക്കുവാൻ യത്നിച്ചപ്പോൾ ഒരു കാക്കക്കുറവൻ ഒന്നുരണ്ടു നായ്ക്കളുമായി ചെന്നു് തനിക്കും തന്റെ കൂട്ടുകാൎക്കും വല്ലതും കിട്ടണമെന്നു നിലവിളിച്ചു. രന്തിദേവൻ ബാക്കിയുള്ള അന്നവും പാലും മുഴുവൻ അയാൾക്കും നായ്ക്കൾക്കുമായി കൊടുത്തു. പിന്നീടു പാത്രത്തിലുണ്ടായിരുന്ന ജലത്താൽ പാരണകഴിക്കാമെന്നു സങ്കല്പിച്ചു് അതിലേയ്ക്കായി ആരംഭിച്ചു. അപ്പോൾ ഒരു പറയൻ താൻ പത്തു ദിവസമായി പട്ടിണി കിടക്കുന്നു എന്നും തനിക്കു വല്ലതും ആഹാരം കിട്ടിയേ കഴിയൂ എന്നും പറഞ്ഞു് ദൂരെനിന്നു കലശൽകൂട്ടി. "ഇങ്ങു് അടുത്തുവരാം" എന്നുപറഞ്ഞു് പാത്രത്തിലുള്ള വെള്ളം മുഴുവൻ മഹാരാജാവു് ആ പറയനു് ഒഴിച്ചുകൊടുത്തു. ആ വെള്ളം കുടി

ച്ചു തൃപ്തനായ പറയൻ "തമ്പ്രാരെ! തമ്പ്രാക്കു വിശപ്പില്ലയോ" എന്നു ചോദിച്ചു. രന്തിദേവൻ "ഇല്ല അപ്പനേ ഇല്ല. അതിഥിപൂജ തന്നെയാണു് എന്റെ പാരണ; ആശ്രിതപരിപാലനം തന്നെയാണു് എന്റെ ആഹാരം" എന്നു പറഞ്ഞു.

വേടൻ:—നല്ലോരു മഹാരാജാവു്.

ആൺപ്രാ:—സംശയമുണ്ടോ ? മാതൃകാപുരുഷൻ. ഞാൻ മുകളിൽ നോക്കി വിഷാദിച്ചുകൊണ്ടിരുന്നതു് അദ്ദേഹത്തിനു് അന്നു് അതിഥിസല്ക്കാരത്തിനു സ്വല്പം അന്നവും പാലും ഒടുവിൽ കുറെ ശുദ്ധജലവുമെങ്കിലും ഉണ്ടായിരുന്നുവല്ലോ എന്നാണു്. ഈയുള്ളവരുടെ അവസ്ഥ ഇങ്ങനെപോലുമല്ലല്ലോ. ഇവക്കു് അന്നന്നു കിട്ടുന്ന അരിമണികൾകൊണ്ടു് കാലക്ഷേപം ചെയ്യണമെന്നല്ലെ ദൈവവിധി ? ഒരു നേരത്തേക്കു വേണ്ട ഭക്ഷണംകൂടി ഞങ്ങൾ മുൻകൂട്ടി ശേഖരിക്കുന്നില്ല. ശേഖരിച്ചാൽ വച്ചു സൂക്ഷിക്കുവാൻ സ്ഥലവുമില്ല. കേവലം മുനിവൃത്തിയെ സ്വീകരിച്ചു് ഈ വനത്തിൽ താമസിക്കുന്ന ഞങ്ങളുടെ കഥയെവിടെ? ക്ഷുൽപിപാസാർത്തനായ അവിടത്തെ കഥയെവിടെ? ഇതോർത്തിട്ടു ദുഃഖിക്കയാണേ സ്വാമിൻ! അല്ലാതെ അതിഥിസല്ക്കാരത്തിനായി കൂട്ടിൽ കിടന്നുകൊണ്ടു് എന്നെ നിയോഗിച്ചയച്ച ചരിതാർത്ഥയായ ആ സഹധർമ്മിണിയെപ്പററി ദുഃഖിക്കയല്ല.

പ്രാവു പിന്നെയും കുറേനേരംകൂടി ആലോചിച്ചു് ഇങ്ങനെ പറഞ്ഞു.

"ഭഗവാനേ! തെററിപ്പോയി! ക്ഷമിക്കണേ! മനസ്സറിയാതെ ഒരസത്യം പറഞ്ഞുപോയി! ക്ഷമിക്കണേ!"

വേടൻ വിസ്മയിച്ചു. 'നമുക്കു തരത്തക്കവണ്ണം ഈ അല്പപ്രാണിയുടെ കയ്യിൽ എന്താഹാരമാണുള്ളതു്? ഉണ്ടെങ്കിൽ അതെന്താണു് ആദ്യമേ തരാൻ മടിച്ചതു്? ആകട്ടെ, അറിയാം' ഇങ്ങനെ വിചാരിച്ചുകൊണ്ടു് 'എന്താണതു്' എന്നു ചോദിച്ചു. പ്രാവു പറഞ്ഞു.

ആൺപ്രാ:—സ്വാമിൻ! പണ്ടു ശിബി എന്നു പ്രസിദ്ധനായി ഒരു ചക്രവർത്തിയുണ്ടായിരുന്നു. ആ മഹാനുഭാവൻെറ രാജ്യഭാരകാലത്തിൽ ഒരിക്കൽ ദേവേന്ദ്രനും അഗ്നിയുംകൂടി അദ്ദേഹത്തിന്റെ ധർമ്മനിഷ്ഠയേയും ആശ്രിതവാത്സല്യത്തേയും പരീക്ഷിക്കണം എന്നു നിശ്ചയിച്ചു. അഗ്നി എന്റെ മാതിരി ഒരു മാടപ്രാവിന്റേയും ഇന്ദ്രൻ ഒരു പരുന്തിൻേറയും രൂപത്തിൽ മുൻപും പിൻപുമായി ആകാശത്തിൽ നിന്നു ഭൂമിയിലേക്കു പാഞ്ഞു.

പ്രാണഭയംനിമിത്തം തുമ്പിപോലെ വിറച്ചുകൊണ്ടു് മാടപ്രാവു് ചക്രവർത്തിയുടെ തുടയിൽ ചെന്നിരുന്നു് 'അഭയം തരണേ' എന്നു നിലവിളിച്ചു യാചിച്ചു. 'അഭ

യം തന്നിരിക്കുന്നു' എന്നു മഹാത്മാവായ ചക്രവൎത്തിയു മരുളിച്ചെയ്തു.

അടുപ്പാഴേക്കും ബാണംപോലെ പാഞ്ഞുകൊണ്ടു് പരുന്തു് പ്രാവിന്റെ മുന്നിലെത്തിക്കഴിഞ്ഞു. "വിടണം തിരുമേനി. വിടണം പ്രാവിനെ! ഇതെന്തതിക്രമമാണു്? വേലിതന്നെ വിളവു തിന്നാലോ? ഞാനെത്ര ദൂരേനിന്നു് ഈ പ്രാവിനെ പിടിക്കാനായി പറന്നു വരുന്നതാണു്? എന്റെ ആഹാരത്തെ തടുത്തിട്ടാണോ തിരുമേനിക്കു സായുജ്യം?" എന്നു കോപത്തോടുകൂടി ചോദിച്ചു.

ചക്രവൎത്തി സ്വല്പം ഒന്നന്ധാളിച്ചു. "പരുന്തേ! നീയെന്തിനു തുറിച്ചു നോക്കുന്നു? ശരണാഗതനു് അഭയ പ്രദാനം ചെയ്തതു് ഒരു കുററമായിപ്പോയോ?" എന്നു ചോദിച്ചു. പരുന്തു പറഞ്ഞു. "അതു കുററമല്ല, പാപം—മഹാപാതകം—ആണു് ആയിപ്പോയതു്. പരുന്തിനു് പ്രാവു് ആഹാരമെന്നുള്ളതു് ദൈവസങ്കല്പമാണു്. അതു് ഇന്നുമിന്നലേയുമുള്ളതോ ഞാനായി ഏൎപ്പെടുത്തിയതോ ആയ ഒരു ചട്ടമല്ല. സ്വാമിൻ! സംഗതിയുടെ ഗൗരവമി വിടുന്നറിയുന്നു എന്നു തോന്നുന്നില്ല. ഞാൻ അനവധി ദിവസമായി പട്ടിണി കിടക്കുന്നു. എന്തോ നല്ല നേര ത്തിനു് കൊതിച്ചിരുന്നു് ഇന്നൊരിരയെക്കണ്ടുകിട്ടി. അതു ഭക്ഷിച്ചു് വിശപ്പടക്കാമെന്നുവച്ചപ്പോഴം ധൎമ്മിഷ്ഠനെന്ന

ഭിമാനമുള്ള ഇവിടുന്നു് ഇടയ്ക്കു കേറിത്തടയുന്നുവല്ലോ! ഇതെന്തു മര്യാദയാണു്? ഇതാണോ ധർമ്മം? ഇവിടുന്നു ധർമ്മവൃക്ഷത്തിന്റെ നാരായവേരോ കണ്ടകോടാലിയോ? ആലോചിച്ചു നോക്കണം. വളരെ ദൂരം ഇരതേടിപ്പറന്നു വന്നിരിക്കുന്ന ഞാൻ ഈ പ്രാവിനെ കിട്ടാഞ്ഞാൽ ഇവിടുത്തെ മുൻപിൽ ഈ നിമിഷംതന്നെ പ്രാണത്യാഗം ചെയ്യും. അതു കഴിഞ്ഞാൽ ആർത്തയായ പത്നിയും അനന്യശരണങ്ങളായ സന്താനങ്ങളും എന്നെ അനുഗമിക്കാതിരിക്കയില്ല. ധർമ്മമെന്നു പേരുംപറഞ്ഞു് എത്ര സാധുക്കളെ ഇവിടുന്നു് അകാരണമായി അഹങ്കാരമത്തനായി ഹിംസിക്കുന്നു?"

ചക്രവർത്തി ആകപ്പാടെ വട്ടത്തിലായി; ഒടുവിലിങ്ങനെ പറഞ്ഞു. "പരുന്തേ! നിനക്കു് വിശപ്പടക്കാൻ ആഹാരമല്ലേ വേണ്ടൂ? ഏതുമാതിരി ആഹാരം വേണമെങ്കിലും ഞാൻ തരാം. പോത്തോ മാനോ ആടോ മുറയ്ക്കു പറഞ്ഞുകൊള്ളുകയേവേണ്ടൂ. എന്റെ രാജ്യമോ, കിരീടമോ, സർവസ്വമോ—ഈ പ്രാവിനെ ഒഴിച്ചു എന്തു വേണമെങ്കിലും തരാം."

പരുന്തു പറഞ്ഞു: "എന്തു വേണമെങ്കിലും തരാം; അല്ലേ? എന്നാൽ അവിടുത്തെ ദേഹത്തിൽനിന്നു് ഈ പ്രാവിന്റെ തൂക്കമുള്ള മാംസം വെട്ടിയെടുത്തു് എനിക്കു്

ഭക്ഷിക്കാൻ തന്നാൽ മതി. ഞാൻ തൃപ്തിപ്പെടാം. പ്രാവിനെ ഉപേക്ഷിക്കുകയും ചെയ്യാം."

ചക്രവൎത്തിക്കു സന്തോഷമായി. "ഭ്രാതാവേ! ഞാൻ അങ്ങയാൽ അനുഗ്രഹീതനായി" എന്നു പറഞ്ഞുകൊണ്ടു് ഒരു ത്രാസു വരുത്തി പ്രാവിനെ ഒരു തട്ടിലും തന്റെ ദേഹത്തിൽനിന്നു് കുറെ മാംസം കണ്ടിച്ചെടുത്തു് മറ്റേത്തട്ടിലും വച്ചു. മാംസം വച്ച തട്ടു് പൊങ്ങിക്കിടക്കുന്നതേയുള്ളു. പിന്നെയും കുറെ മാംസം വെട്ടി വച്ചു. എന്നിട്ടും തട്ടു താഴുന്നില്ല. തന്റെ വയററിലും തുടകളിലും നിന്നു് ഓരോ ഭാഗം കൂടി വെട്ടി വച്ചു. പിന്നെയും പറയത്തക്ക ഭേദമൊന്നും കണ്ടില്ല. ഒടുവിൽ താൻതന്നെ സന്തുഷ്ടനായി ആ തട്ടിൽ കയറിയിരുന്നു. പ്രാവും രാജാവും സമമായി തൂങ്ങി; രാജാവിനു സമാധാനവുമായി. "പരുന്തേ! ഇപ്പോഠം ഞാൻ കൃതകൃത്യനായി. എന്റെ ദേഹം മുഴുവൻ ഭക്ഷിച്ചുകൊണ്ടു് ഈ പ്രാവിനെ വിട്ടയക്കാൻ ദയവുണ്ടാകണമേ" എന്നു പ്രാൎത്ഥിച്ചു. ഉടനെ പരുന്തും പ്രാവും വേഷം മാറി ഇന്ദ്രനും അഗ്നിയുമായി തങ്ങഠം വന്ന സംഗതി അറിയിക്കയും ചക്രവൎത്തിയുടെ ധൎമ്മനിഷ്ഠയെ പ്രശംസിക്കയും ചെയ്തുംവച്ചു് തിരിയെ ദേവലോകത്തേയ്ക്കു പോയി. സ്വാമിൻ! കഥ അവിടുന്നു മനസ്സിരുത്തിക്കേഠംക്കുന്നുണ്ടോ?

വേടൻ:—ഉണ്ട്. ഈ ഉപാഖ്യാനത്തിന്റെ പ്രസക്തിയെന്തു്? ഞാനിന്ദ്രനമഗ്നിയുമൊന്നമല്ലല്ലോ.

ആൺ:—അല്ല അല്ലെങ്കിലാണല്ലോ ഒന്നുകൂടി വിശേഷമുള്ളതു്. ആണെന്നൊരു ഉദ്ഗ്രഹം ശിബിചക്രവൎത്തിക്കുമുണ്ടായിരുന്നില്ല. അങ്ങനെ ഒരു മാടപ്രാവിനു വേണ്ടി ഒരു മനുഷ്യനു മരിക്കാമെങ്കിൽ ഒരു മനുഷ്യനു വേണ്ടി ഒരു മാടപ്രാവിനു എന്തുകൊണ്ടു മരിച്ചുകൂടാ എന്നാണു് ഞാൻ ചോദിക്കുന്നതു്? ധാരാളം മരിക്കാം. അവിടുന്നു് വിശപ്പുള്ള അതിഥി; അതിഥിശുശ്രൂഷ എൻെറ ധൎമ്മം; എന്റെ ദേഹത്തിലുള്ള മാംസം എന്നിക്കധീനമായിരിക്കേ പക്ഷികൾക്കു സഹജമായുള്ള മൂഢബുദ്ധിമൂലം അതിഥിപൂജയ്ക്കു് ആഹാരം കൈവശമില്ലെന്നു് ഞാൻ അസംഗതമായി അസത്യം പറഞ്ഞുപോയല്ലോ എന്നു വച്ചാണു് ഖേദിക്കുന്നതു്. ഇതാ അഗ്നി പ്രസന്നമായി ജ്വലിക്കുന്നു. ഈ നിമിഷത്തിൽതന്നെ ഞാൻ ഇതിൽ ചാടിക്കൊള്ളാം. ഉത്തരക്ഷണത്തിൽ എന്റെ മാംസംകൊണ്ടു് അണുമാത്രമെങ്കിലും അവിടുത്തെ വിശപ്പടങ്ങുമെങ്കിൽ അതിനാൽ ഞാൻ കൃതകൃത്യനായില്ലേ? പുരുഷാൎത്ഥസിദ്ധിക്കു് എനിക്കു പിന്നെയെന്താണു വേണ്ടതു്?

പ്രാവിൻെറ വാക്കുകൾകേട്ടു് വേടന്റെ മനസ്സു് കരുണകൊണ്ടു് ആൎദ്രമായി. “ഭ്രാതാവേ! അങ്ങു് എന്നോ

ക്കൂടി ധമ്മിഷ്ഠനാകുന്നു. അരുതെ! സാഹസമൊന്നും പ്രവൎത്തിക്കരുതെ! എനിക്കു ഇങ്ങനെയുള്ള ഒരു മഹാനുഭാവൻെറ–ഉത്തമസുഹൃത്തിന്റെ–മാംസം ആവശ്യമില്ലേ! അതു ഞാൻ ഭക്ഷിച്ചാൽ എന്റെ നാക്കു പൊള്ളുമേ! ഹൃദയം പിളരുമേ!" എന്നിങ്ങനെ പറഞ്ഞുകൊണ്ടു് അവൻ പക്ഷിയെ കൈകൾകൊണ്ടു തടുത്തുനിറുത്തുന്നതിനു മുമ്പായി അതു് അഗ്നിപ്രവേശംചെയ്തുകഴിഞ്ഞു. ഉത്തരക്ഷണത്തിൽ അതിൻെറ മാംസം വേടനു ആഗ്രഹമുണ്ടെങ്കിൽ ഭക്ഷിക്കാമായിരുന്നു. പക്ഷെ ഒരു ആചാൎയ്യമരണംപോലെയാണു് അവനു് അതു് തോന്നിയതു്. 'ഹാ! കഷ്ടം! ഞാനെന്തൊരു പുതിയ പാതകമാണു് ചെയ്തുപോയതു്? ഭഗവാനെ! എന്റെ ഗുരുവിനെ വധിക്കുകയല്ലേ ഞാൻ ചെയ്തതു്? ഇതിലധികം ഘോരമായ മഹാപാപം ലോകത്തിലുണ്ടോ? ഈ മഹാത്മാവു എനിക്കു ഏതെല്ലാം മാതിരിയിലുള്ള ഉൽകൃഷ്ടധമ്മങ്ങളാണു് ഉപദേശിച്ചുതന്നതു്? എന്നിട്ടു ഞാനതിന്റെ മരണത്തിനു കാരണമായിത്തീൎന്നുവല്ലൊ? അന്യായത്തിലന്യായം! അതിക്രമത്തിലതിക്രമം! ഏതായാലും ഈ മാന്യസുഹൃത്തിന്റെ പ്രിയ സഹധമ്മിണിയെ കെട്ടഴിച്ചുവിടുന്നതു എൻെറ ആദ്യത്തെ പുണ്യകൎമ്മമാകട്ടെ' എന്നു പറഞ്ഞുകൊണ്ടു് അങ്ങനെ ചെയ്തു. "ജീവനാഥ! അതിഥിപൂജയാൽ കൃതകൃത്യനായ നിന്തിരുവടിയെ അടിയൻ ആനന്ദമഗ്നയായി അനുഗമിക്കുന്നേ! അടിയനെക്കൂടി പുണ്യലോകത്തിൽ

മഹാകവി ഉള്ളൂരിന്റെ ചില
ഇതര കൃതികൾ

		രൂ.	ണ.
ഉമാകേരളം	...	2	14
അമൃതധാര	...	1	8
തരങ്ഗിണി	...	1	4
രത്നമാല	...	1	8
ഭാഷാചമ്പുക്കൾ	...	3	0
അംബ (ഒരു ഗദ്യനാടകം)	...	2	8
കർണ്ണഭൂഷണം	...	1	4
ബാലദീപിക	...	0	4
സ്മരണമാധുരി	...	1	4
താരഹാരം	...	1	8
വിജ്ഞാനദീപിക (Part III)	...	2	4
Do. (Part IV)	...	2	4

അപേക്ഷിക്കേണ്ടും മേൽവിലാസം:-

ULLUR PUBLISHERS,
JAGATHY, TRIVANDRUM.

BINDING AT ULLUR PUBLISHERS, TRIVANDRUM.

PRINTED AT K. B. PRESS, TVM